പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 271.

12.7.2010- ൽ മറുപടിയ്ക്ക്

## ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനം.

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ജോർജ്ജ്.എം.തോമസ്.<br>ശ്രീ.മുരളി പെരുനെല്ലി.<br>ശ്രീ.സി.കെ.പി.പത്മനാഭൻ<br>ശ്രീ.അൽഫോൺസ് കണ്ണന്താനം. | ശ്രീ.മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) പ്രശസ്ത സാഹിത്യകാരന്മാരായ ശ്രീ.സി.രാധാകൃഷ്ണൻ, ശ്രീമതി.റോസ്മേരി, പത്രപ്രവർത്തകനായ ശ്രീ.സി.ഗൗരീദാസൻ നായർ എന്നിവരെ ഉൾപ്പെടുത്തി ഫാം ഇൻഫർമേഷൻ ബ്യൂറോ ഉപദേശകസമിതി പുന.സംഘടിപ്പിച്ചു. ഫാം ന്യൂസ് സർവ്വീസ് തുടങ്ങി. ഇതിലൂടെ ഗ്രാമതലം മുതൽ സംസ്ഥാന തലം വരെയുള്ള കാർഷിക വാർത്തകളും വിവരങ്ങളും ക്രോഡീകരിച്ച് വെബ്ബിൽ പോസ്റ്റു ചെയ്യും. ഇത് മാധ്യമങ്ങൾക്ക് ഡൗൺലോഡ് ചെയ്ത് ഉപയോഗിയ്ക്കാം. |
| (ബി) ടെലിവിഷനിലൂടെ അവതരിപ്പിക്കുന്ന പരിപാടികൾ കുടുതൽ വിജ്ഞാന പ്രദമാക്കുന്നതോടൊപ്പം ആകർഷകമാക്കാനും നടപടി സ്വീകരിക്കുമോ ; | (ബി) നടപടി സ്വീകരിച്ചുവരുന്നു. ഫാം ഇൻഫർമേഷൻ ബ്യൂറോ കൃഷിയും അനുബന്ധ വിഷയങ്ങളായ മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ് തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട ദൃശ്യപരിപാടികൾ നൂറുമേനി എന്ന പ്രോഗ്രാമിലൂടെ ദൂരദർശൻ മലയാളം ചാനൽ വഴി എല്ലാ ഞായറാഴ്ചയും രാവിലെ 9.30 ന് സംപ്രേഷണം ചെയ്തുവരുന്നുണ്ട്. ഈ പരിപാടിയിൽ കർഷകരുടെ വിജയകഥകൾ, കൃഷിയും അനുബന്ധ വകുപ്പുകളും നടപ്പിലാക്കുന്ന വികസന പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ, സാങ്കേതിക വിജ്ഞാനം കർഷകർക്ക് പകർന്നു നൽകുന്ന സെഗ്മെന്റുകൾ തുടങ്ങിയവ ഉൾപ്പെടുത്താറുണ്ട്. നൂറുമേനി 160 എപ്പിസോഡുകൾ പൂർത്തിയാക്കി. കിസാൻ കേരള , ഏഷ്യാനെററിലൂടെ |

സംപ്രേഷണം ചെയ്യുന്ന കാർഷിക പരിപാടി (കൃഷിദീപം) ദൂരദർഷനിലും ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ കാർഷിക പരിപാടി (നൂറുമേനി) ഏഷ്യാനെററിലും കാണിക്കാനുള്ള നടപടി എടുത്തുവരികയാണ്.

(സി) ഏതെല്ലാം ചാനലുകളിലാണ് കാർഷിക പരിപാടികൾ സംപ്രേക്ഷണം ചെയ്യുന്നത് ;

(സി) ദൂരദർശൻ മലയാളം ചാനൽവഴിയും, വിക്ടേഴ്സ് ചാനൽ വഴിയും ഫാം ഇൻഫർമേഷൻ ബ്യൂറോ നിർമ്മിച്ച് നൂറുമേനി എന്ന കാർഷിക പരിപാടി സംപ്രേക്ഷണം ചെയ്തുവരുന്നു.

(ഡി) ബ്യൂറോയുടെ കാർഷിക പ്രസിദ്ധീകരണങ്ങൾ ഏതെല്ലാമാണ് ;

(ഡി) (1) കേരളകർഷകൻ

(2) ഹരിതദളം

(3) ലഘുലേഖകൾ, ബ്രോഷറുകൾ, പോസ്റ്ററുകൾ

(ഇ) കേരളകർഷകൻ മാസികയുടെ പ്രചാരണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

(ഇ) കഴിഞ്ഞ ഒരു വർഷം കൊണ്ട് കേരളകർഷകൻ മാസികയുടെ വരിക്കാരുടെ എണ്ണം 41733 ൽ നിന്നും 80220 ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ഇതുതാമസിയാതെ ഒരുലക്ഷമാക്കി മാററാൻ നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 272 — 12.07.2010-ൽ മറുപടിയ്ക്ക്

## "വെയർഹൗസിംഗ് കോർപ്പറേഷൻ"

ചോദ്യം

ശ്രീ.വി.ശിവൻകുട്ടി:
ശ്രീ.സി.എം.ദിനേശ് മണി:
ശ്രീ.മഞ്ഞളാംകുഴി അലി:
ശ്രീമതി.കെ.എസ്. സലീഖ:

മറുപടി

ശ്രീ.മുല്ലക്കര രത്നാകരൻ
(കൃഷി വകുപ്പ് മന്ത്രി)

| | |
|---|---|
| എ) വെയർഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് മൂലധന ഇനത്തിൽ സർക്കാർ 125 ലക്ഷം രൂപ നൽകി. വടക്കൻ പറവൂരിൽ വെയർഹൗസുകളുടെ ഉപയോഗക്ഷമത 39% ത്തിൽ നിന്നും 61 % മായി വർദ്ധിപ്പിച്ചു. 850 ടൺ സംഭരണശേഷിയുള്ള ഗോഡൗൺ പ്രവർത്തനം ആരംഭിച്ചു. 2000 ടൺ സംഭരണ ശേഷിയുള്ള ഗോഡൗണിന്റെ നിർമ്മാണം അവിടെ ആരംഭിച്ചിട്ടുണ്ട്. 2010-11 ൽ പാലക്കാട് ജില്ലയിലെ മുതലമടയിൽ 2000 |

| | |
|---|---|
| | ടൺ സംഭരണശേഷിയുള്ള ഗോഡൗൺ നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കി. നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ചുകിടന്നിരുന്ന ആലത്തൂരിലെയും തകഴിയിലേയും മോഡേൺറൈസ് മില്ലുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി എടുക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് 250 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ഇതിൽ ആലത്തൂർ മോഡേൺറൈസ് മിൽ 19.1.2010-ൽ പൂർണ്ണമായി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇവിടെ ഉത്പാദിപ്പിക്കുന്ന അരി "അന്നം" എന്ന പേരിൽ 5,10,25,50 കിലോ പ്ലാസ്റ്റിക് ബാഗുകളിലാക്കി വെയർഹൗസിംഗ് കോർപ്പറേഷന്റെ 20-ൽ പരം സെന്ററുകളിൽ കൂടി വിപണനം നടത്തുന്നു.<br><br>കോർപ്പറേഷനിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കി. ക്ഷാമബത്താ കുടിശ്ശിക കൊടുത്തു തീർത്തു. |
| ബി) ഗോഡൗണുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചി | ബി) 2007-08 ൽ 25 ലക്ഷം രൂപ സർക്കാർ നൽകിയിട്ടുണ്ട്. ആറ്റിങ്ങൽ, തിരുവനന്തപുരം, പടന്നക്കാട്, നിലമ്പൂർ വെയർ |

| | |
|---|---|
| ട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ഹൗസുകളിൽ റോഡുകൾ ടാറിംഗ് നടത്തി. കണ്ടെയ്നർ ലോറികൾ കൈകാര്യം ചെയ്യുന്നതിനായി തൃപ്പൂണിത്തുറ, നീലേശ്വരം, ചങ്ങനാശ്ശേരി, നെടുമങ്ങാട്, കൊട്ടാരക്കര, കോട്ടയം, കരീക്കോട് ഗോഡൗണുകളുടെ ടെറസ്സ് ഉയർത്തി സൗകര്യം ഒരുക്കിയിട്ടുണ്ട്. ജീവനക്കാരുടേയും തൊഴിലാളികളുടെയും വിശ്രമസൗകര്യം, ടോയ്ലറ്റ് മുതലായ സൗകര്യങ്ങൾ കൂടുതലായി ഏർപ്പെടുത്തി. ഏലത്തിന്റെ ശാസ്ത്രീയ സംഭരണത്തിനായി വണ്ടൻമേട് വെയർ ഹൗസിൽ പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്.<br><br>എല്ലാ വെയർഹൗസുകളിലും സെക്യൂരിറ്റി സംവിധാനം ഏർപ്പെടുത്തി വെയർഹൗസിൽ സൂക്ഷിക്കുന്ന സ്റ്റോക്കിന്റെ സുരക്ഷയ്ക്കായി ഇൻഷ്വറൻസ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ശാസ്ത്രീയ സൂക്ഷിപ്പിന്റെ ഭാഗമായി പ്രാണി കീടങ്ങൾക്കെതിരായ മരുന്നു പ്രയോഗവും വെയർ ഹൗസുകളിൽ യഥാസമയം നടത്തുന്നു. |

| | |
|---|---|
| സി) സ്വകാര്യ ഗോഡൗണുകളിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ താലൂക്ക് ഡിപ്പോകൾ വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളിലേക്ക് മാറ്റാൻ നടപടി സ്വികരിക്കുമോ; | സി) സ്വകാര്യ ഗോഡൗണിൽ പ്രവർത്തിച്ചുവന്നിരുന്ന കേരള സംസ്ഥാന സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ 11 താലൂക്ക് ഡിപ്പോകൾ വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളിലേയ്ക്ക് മാറ്റിയിട്ടുണ്ട്. നിലവിൽ 16 സ്ഥലങ്ങളിലെ ഗോഡൗണുകൾ സിവിൽ സപ്ളൈസ് കോർപ്പറേഷൻ ഉപയോഗിച്ച് വരുന്നു. വെയർഹൗസിംഗ് കോർപ്പറേഷന്റെ കൂടുതൽ ഗോഡൗണുകൾ സിവിൽ സപ്ളൈസ് കോർപ്പറേഷൻ ഉപയോഗിക്കാൻ ധാരണയായിട്ടുണ്ട്. |
| ഡി) പുതുതായി ഗോഡൗണുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ഡി) നോർത്ത് പറവൂർ വെയർഹൗസിൽ 2000 ടൺ സംഭരണശേഷിയുള്ള ഗോഡൗണിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 2010-11 ൽ പാലക്കാട് ജില്ലയിലെ മുതലമടയിൽ 2000 ടൺ സംഭരണശേഷിയുള്ള ഗോഡൗൺ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ പാലാ, നെടുമങ്ങാട്, ഏറ്റുമാനൂർ, കരുനാഗപ്പള്ളി എന്നീ വെയർഹൗസുകളിൽ അഡീഷണൽ ഗോഡൗണുകൾ നിർമ്മിക്കാൻ ഉദ്ദേശമുണ്ട്. കായംകുളത്തുള്ള വെയർ |

| | |
|---|---|
| | ഹൗസ് പുനർനിർമ്മിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. വടകര, കോഴിക്കോട്, തിരൂർ എന്നിവടങ്ങളിൽ സ്ഥലലഭ്യത അനുസരിച്ച് പുതിയ വെയർഹൗസുകൾ പണിയുന്നതിനും കോർപ്പറേഷൻ ശ്രമിക്കുന്നുണ്ട്. |
| ഇ) ഗോഡൗണുകളുടെ സംഭരണശേഷി പൂർണ്ണമായും ഉപയോഗിക്കാൻ കഴിയുംവിധം പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് അറിയിക്കുമോ? | ഇ) കാർഷികോൽപ്പന്നങ്ങളുടെ താങ്ങുവില പദ്ധതി പ്രകാരം നെല്ല്, കൊപ്ര എന്നീ ഉത്പ്പന്നങ്ങൾ ഇപ്പോൾ വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളിൽ സംഭരിക്കുന്നതിനാൽ മൊത്തം സംഭരണ ശേഷിയുടെ ഏകദേശം 94% സ്ഥലം ഇപ്പോൾ ഉപയോഗത്തിലാണ്. സർക്കാരിന്റെ ഈ പദ്ധതി വിജയകരമായി നടപ്പിലാക്കാൻ വെയർഹൗസിംഗ് കോർപ്പറേഷൻ വാടകഗോഡൗണുകളും ഉപയോഗപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:273** **12.07.2010 ൽ മറുപടിയ്ക്ക്**

## സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>„ ഡൊമിനിക് പ്രസന്റേഷൻ<br>„ പി.സി. വിഷ്ണുനാഥ് | ശ്രീ. എ.കെ. ബാലൻ<br>(പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി). |

| | | | |
|---|---|---|---|
| എ) | പതിനൊന്നാം പദ്ധതി ക്കാലത്ത് സംസ്ഥാനത്ത് പുതുതായി ആകെ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്; | എ) & ബി) | പതിനൊന്നാം പദ്ധതിക്കാലത്ത് (2007-12) സംസ്ഥാനത്ത് 607.55 മെഗാവാട്ട് ശേഷിയുള്ള 29 പദ്ധതികളാണ് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 10ാം പദ്ധതിയിൽ പൂർത്തിയാക്കാൻ നിശ്ചയിച്ചിരുന്നതും എന്നാൽ പൂർത്തി യാക്കാൻ കഴിയാതിരുന്നതുമായ 128.75 മെഗാവാട്ടിന്റെ 4 പദ്ധതികളും ഉൾപ്പെടും. 11ാം പദ്ധതിയിൽ 160 മെഗാവാട്ട് മാത്രമാണ് കേരളത്തിൽ കേന്ദ്ര പ്ലാനിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതികളുടെ വിശദാംശം ഓരോ പദ്ധതിയും കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന സമയം ഉൾപ്പെടെ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| ബി) | പ്രസ്തുത കാലയളവിൽ ഏതൊക്കെ വൈദ്യുത പദ്ധതി കൾ പൂർത്തിയാക്കി; വൈദ്യുതി ഉൽപ്പാദനം എന്ന് തുടങ്ങുമെന്നാണ് കണക്കാക്കിയിരുന്നത്; | | |
| സി) | കായംകുളം താപവൈദ്യുത പദ്ധതിയുടെ രണ്ടാംഘട്ട വികസനം പതിനൊന്നാം പദ്ധതി ക്കാലത്ത് നടത്തണമെന്ന് തീരുമാനിച്ചിട്ടുണ്ടായിരുന്നോ; | സി) & ഡി) | കായംകുളം താപ വൈദ്യുതി നിലയത്തിന്റെ 2ാം ഘട്ട വികസനം RLNG (Re-gasified LNG) ഇന്ധനമായി ഉപയോഗിച്ച് നടപ്പാ ക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. 11ാം പദ്ധതി ക്കാലത്ത് വികസനം ലക്ഷ്യമിട്ടിരുന്നു വെങ്കിലും കൊച്ചിയിൽ നിർമ്മാണത്തിലി രിക്കുന്ന പെട്രോനെറ്റ് എൽ.എൻ.ജി ടെർമിനൽ പൂർത്തിയാകുന്നതിന് കാല താമസം വന്നതിനാൽ കായംകുളം പദ്ധതി യുടെ വികസനം 12ാം പദ്ധതിക്കാലത്തേക്ക് മാറ്റിയിട്ടുണ്ട്. |
| ഡി) | പ്രസ്തുത പദ്ധതി പന്ത്രണ്ടാം പദ്ധതിയിലേക്ക് മാറ്റാ നുണ്ടായ കാരണങ്ങൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ; | | |
| ഇ) | സംസ്ഥാനത്ത് വൈദ്യുതി ഉപയോഗം ശരാശരി ഒരു വർഷത്തിൽ എത്ര ശതമാനം വർദ്ധിപ്പിക്കുന്നതായാണ് കണക്കാക്കിയിരിക്കുന്നത്; | ഇ) | സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം പ്രതിവർഷം 5 മുതൽ 7 ശതമാനംവരെ വർദ്ധിയ്ക്കുന്നതായാണ് കണക്കാക്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| എഫ്) | 2010 അവസാനമാകുമ്പോൾ സംസ്ഥാനത്ത് വൈദ്യുത പ്രതിസന്ധി ഉണ്ടാകുമോയെന്ന ആശങ്ക നിലനിൽക്കുന്നുണ്ടോ; | എഫ്) & ജി) | കേരളത്തിന്റെ വൈദ്യുതി ആവശ്യകത വർദ്ധിച്ചുവരുകയാണ്. സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങളുടെയും വ്യവസായ വാണിജ്യ രംഗങ്ങളിൽ കൂടുതൽ സംരംഭങ്ങൾ ഉണ്ടാകുന്നതിന്റെയും ഭാഗമായി വൈദ്യുതി ഉപഭോഗവും വർദ്ധിക്കുന്നുണ്ട്. 2010 ഡിസംബർ മാസത്തിൽ 1555 മില്യൺ യൂണിററ് വൈദ്യുതി ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. നടപ്പാക്കിവരുന്ന ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും ഒന്നരക്കോടി സി.എഫ്.എൽ വിതരണം അടക്കമുള്ള ഡിമാന്റ് സൈഡ് മാനേജ്മെന്റ് പ്രവർത്തനങ്ങളും വൈദ്യുതി ആവശ്യകതയിൽ വൻതോതിലുള്ള വർദ്ധന വില്ലാതെ മുന്നോട്ടുപോകാൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്ത് പ്രതീക്ഷിക്കുന്ന മഴ ലഭിക്കുകയും കേന്ദ്ര നിലയങ്ങളിൽനിന്ന് കേരളത്തിന്റെ അർഹമായ വിഹിതം പൂർണ്ണ തോതിൽ ലഭിക്കുകയും ചെയ്താൽ വൈദ്യുതി പ്രതിസന്ധി കൂടാതെ ഈ വർഷവും മുന്നോട്ടു പോകാൻ കഴിയും. |
| ജി) | പ്രസ്തുത പ്രതിസന്ധി തരണം ചെയ്യാൻ എന്തൊക്കെ കർമ്മ പദ്ധതി കൾക്കാണ് സർക്കാർ രൂപം നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 274 12.07.2010-ൽ മറുപടിയ്ക്ക്

## "ആഗ്രോ - സൂപ്പർ ബസാറുകൾ"

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മാങ്കോട് രാധാകൃഷ്ണൻ:<br>ശ്രീ.വി.എസ്.സുനിൽ കുമാർ:<br>ശ്രീ.ബാബു പോൾ:<br>ശ്രീ.രാജാജി മാത്യു തോമസ്: | ശ്രീ.മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് ആഗ്രോ - സൂപ്പർ ബസാറുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം എവിടെ യെല്ലാം എന്ന് വ്യക്തമാക്കുമോ; | എ സംസ്ഥാനത്ത് ആഗ്രോ - സൂപ്പർ ബസാർ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കോട്ടയ്ക്കകത്തുള്ള ഓഫീസിനോട നുബന്ധിച്ച് ഒരു അഗ്രോ സൂപ്പർ ബസാർ 23.08.2010-ൽ പ്രവർത്തനമാരംഭിച്ചു. |
| ബി) പ്രസ്തുത സൂപ്പർ ബസാറുകൾ മുഖേന എത്രയിനം സാധനങ്ങ ളാണ് വിതരണം ചെയ്യുന്നത്; അവ ഏതെല്ലാം എന്ന് വെളിപ്പെടുത്തു മോ; | ബി) പ്രസ്തുത സൂപ്പർ ബസാർ വഴി ഏകദേശം അഞ്ഞൂറ്റി ഇരുപതോളം സാധനങ്ങളാണ് വിതരണം ചെയ്യുന്നത്. അഗ്രിക്കൾച്ചറൽ മെഷീനറി, കാർഷികോപകരണ വിഭാഗം, ഇറിഗേഷൻ എക്വിപ്പ്മെന്റ്സ്, വിത്ത് നടീൽ വസ്തുക്കൾ അടങ്ങിയ ഗ്രീൻ ഹൗസ്, വളം,കീടനാശിനി, ഷെയിഡിംഗ് മെറ്റീരിയൽ, മൂല്യവർദ്ധിത ഉൽപ്പന്ന |

| | |
|---|---|
| | ങ്ങൾ, എത്ത്നിക് കോർണർ, മീറ്റ് & മിൽക്ക് കോർണർ, ടെക്നോളജി കോർണർ, കസ്റ്റം ഹയറിംഗ് സെന്റർ എന്നീ വിഭാഗങ്ങളിലായി എല്ലാ കാർഷിക ഉൽപ്പന്നങ്ങളും ഉപകരണങ്ങളും സേവനങ്ങളും ലഭ്യമാക്കിയിരിക്കുന്നു. |
| സി) എല്ലാ ജില്ലകളിലും ഇത്തരം ബാസാറുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | സി) എല്ലാ ജില്ലകളിലും ഘട്ടം ഘട്ടമായി ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. * 275

12 07.2010-ൽ മറുപടിയ്ക്ക്

## തോട്ടം മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.കൃഷ്ണപ്രസാദ് :<br>ശ്രീ.സാജു പോൾ :<br>ശ്രീ.എസ്.രാജേന്ദ്രൻ :<br>ശ്രീ. വി.ജെ.തങ്കപ്പൻ: | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) തോട്ടം മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) തോട്ടം മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട് |
| (ബി) ഈ സർക്കാർ വന്നശേഷം പൂട്ടിക്കിടക്കുന്ന എത്ര തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിച്ചു എന്ന് വെളിപ്പെടുത്താമോ; | (ബി) ഈ സർക്കാർ വന്ന ശേഷം പൂട്ടിക്കിടന്ന 17 തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിച്ചു. |
| (സി) പണിയില്ലാതെ ദുരിതത്തിലായ തോട്ടം തൊഴിലാളികളെ സഹായിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ; | (സി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സർക്കാർ വിവിധങ്ങളായ ആശ്വാസ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. തൊഴിലാ |

ളികൾക്ക് 31..5..2010 വരെ സൗജ ന്യറേഷൻ അനുവദിച്ചിരുന്നു. 01-06-2010 മുതൽ തോട്ടം തൊഴിലാളികളെ '**കിലോയ്ക്ക് 2/- രൂപ നിരക്കിൽ അരി നൽകുന്ന പദ്ധതി** ' യിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഓണക്കാലത്ത് എക്സ്ഗ്രേഷ്യാ ധനസ ഹായം, കുടിവെള്ളം, വൈദ്യുതി, ലയങ്ങളുടെ അറ്റകുറ്റപ്പണി നടത്തു ന്നതിന് ധനസഹായം, ആരോഗ്യ പരിപാലനം, ഒന്നാം ക്ളാസു മുതൽ ഹയർ സെക്കൻഡറി വരെയുള്ള ക്ളാസ്സുകളിൽ പഠിക്കുന്ന തോട്ടം തൊഴിലാളികളുടെ മക്കൾക്ക് വിദ്യാ ഭ്യാസ ധനസഹായം, ഉന്നത വിദ്യാ ഭ്യാസ ധനസഹായം, മാരക രോഗം ബാധിച്ചിട്ടുള്ള തോട്ടം തൊഴിലാളിക ൾക്ക് ധനസഹായം, മരണാനന്തര സഹായം, തോട്ടം തൊഴിലാളികളുടെ പെൺമക്കൾക്ക് വിവാഹ ധനസ ഹായം എന്നിങ്ങനെയുള്ള ആശ്വാസപ്രവർത്തനങ്ങളും നടത്തി വരുന്നു. കൂടാതെ, '**2007-ലെ തോട്ടം തൊഴിലാളി ക്ഷേമ ഫണ്ട് സ്കീം**' പ്രകാരം തോട്ടം മേഖലയിൽ പ്രകൃതിക്ഷോഭം, പകർച്ചവ്യാധി,

കഠിനമായ ദാരിദ്ര്യം എന്നിവ മൂലം കഷ്ടതയനുഭവിക്കുന്ന തൊഴിലാളികൾക്ക് 1000/- രൂപ വീതം ഒറ്റത്തവണ ധനസഹായവും നൽകിവരുന്നു.

(ഡി) ഇപ്പോൾ ഏതെങ്കിലും തേയില ത്തോട്ടം അടഞ്ഞുകിടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്പോൾ ഇടുക്കി ജില്ലയിലുള്ള അഞ്ച് തേയില തോട്ടങ്ങൾ അടഞ്ഞു കിടക്കുന്നുണ്ട്. അവ താഴെ ചേർക്കുന്നു.

മൗണ്ട്,
തങ്കമല, } ആർ.ബി.റ്റി.ഗ്രൂപ്പ്
കോഴിക്കാനം

പീരുമേട് എസ്റ്റേറ്റ്, } പീരടുമേട്
ലോൺട്രി എസ്റ്റേറ്റ് } ടീ കമ്പനി

(ഇ) തോട്ടം തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

(ഇ) വിശദാംശങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

തൊണ്ണൂറുകളുടെ അവസാന ഘട്ടം മുതൽ തോട്ടം മേഖലയിൽ പ്രതിസന്ധിതുടങ്ങിയെങ്കിലും 2001 ൽ ആണ് ആദ്യമായി പീരുമേട് റ്റീ കമ്പനിയുടെ തോട്ടം അടഞ്ഞത്. തുടർന്ന് തോട്ടങ്ങളോരോന്നായി അടച്ചു പൂട്ടാൻ തുടങ്ങി. തേയിലതോട്ടങ്ങൾ അടച്ചതിനെ തുടർന്ന് സർക്കാർ തോട്ടം തൊഴിലാളികൾക്ക് സൗജന്യ റേഷൻ, എക്സ്-ഗ്രേഷ്യാ ധനസഹായം, പ്ലാൻറേഷൻ റിലീഫ് ഫണ്ട് കമ്മിറ്റികൾ മുഖേന പഠനോപകരണങ്ങളുടെ വിതരണം, ആരോഗ്യ പരിപാലനം, ഉന്നത വിദ്യാഭ്യാസ ധനസഹായം മുതലായ ആശ്വാസപ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ഈ സർക്കാർ അധികാരമേൽക്കുമ്പോൾ 22 തോട്ടങ്ങൾ അടഞ്ഞു കിടന്നിരുന്നു. ഇവ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് വഴിയൊരുക്കുന്നതിനായി പല ആനുകൂല്യങ്ങളും സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. പ്രസ്തുത കാലയളവിൽ തോട്ടം നികുതി, കാർഷികാദായ നികുതി എന്നിവ ഒഴിവാക്കുകയും തേയില ഫാക്ടറികൾക്ക് വൈദ്യുതി ചാർജ്ജിന് മിനിമം ഡിമാന്റ് ഒഴിവാക്കി, ഉപയോഗിച്ചതിനുമാത്രം ചാർജ്ജ് ചുമത്താൻ തീരുമാനിക്കുകയും ഇതു തന്നെ തവണകളായി അടയ്ക്കുന്നതിനുള്ള സൗകര്യം നല്കുകയും ചെയ്തു. ഇതിനു പുറമേ തോട്ടങ്ങളുടെ നിലവിലുള്ള ബാങ്ക് വായ്പാ കുടിശ്ശിക, ഇ.പി.എഫ്.കുടിശ്ശിക, പലിശ എന്നിവ ഇളവു ചെയ്യുന്നതിനും തേയിലതോട്ടങ്ങൾ, ഫാക്ടറികൾ എന്നിവ നവീകരിക്കുന്നതിനുമായി പുനരധിവാസ പാക്കേജ് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ പതിനൊന്നാം പദ്ധതിയിൽ ഉൾപ്പെടുത്തി റ്റീ ബോർഡ് വഴി പ്രസ്തുത പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു.

1. പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന തിരുവനന്തപുരം, കൊല്ലം, ഇടുക്കി, പാലക്കാട്, വയനാട് എന്നീ

ജില്ലകളിൽ താഴെപറയുന്ന വിധത്തിലുള്ള ആശ്വാസപ്രവർത്തനങ്ങൾ തുടർന്നു വരുന്നു.

(എ) പഠനോപകരണങ്ങളുടെ വിതരണം.

(ബി) ഉന്നതവിദ്യാഭ്യാസ ധനസഹായം.

(സി) ആരോഗ്യ പരിപാലനം.

(ഡി) കുടിവെള്ള വിതരണം.

(ഇ) മാരകരോഗം ബാധിച്ചവർക്കുള്ള ചികിൽസാ ധനസഹായം.

(എഫ്) പെൺകുട്ടികളുടെ വിവാഹധനസാഹായം.

(ജി) ലയങ്ങളുടെ അറ്റകുറ്റപ്പണി.

(എച്ച്) അത്യാവശ്യ ഘട്ടങ്ങളിൽ കമ്മിറ്റിയ്ക്ക് ഉചിതമെന്നു തോന്നുന്ന മറ്റു പ്രവർത്തനങ്ങൾ.

പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റകളുടെ പ്രവർത്തനത്തിനായി 2008-09 സാമ്പത്തിക വർഷം 282.50 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2009-10 സാമ്പത്തിക വർഷം 398.40 ലക്ഷം രൂപയുടെ പ്രവർത്തന പദ്ധതിയ്ക്ക് അംഗീകാരം നൽകിട്ടുണ്ട്. പ്രസ്തുത തുക അനുവദിച്ച് കിട്ടുന്നതിലേക്കായി 2010-11 ലെ ഒന്നാംഘട്ട ഉപധനാഭ്യർത്ഥനയിൽ ഉൾക്കൊള്ളിക്കുന്നതിനു വേണ്ടി നടപടി സ്വീകരിച്ചിട്ടുണ്ട്.

2. <u>സൗജന്യ റേഷൻ</u>

സംസ്ഥാനത്തെ പ്രവർത്തനം നിലച്ച തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ആഴ്ചയിൽ 5 കി.ഗ്രാം.അരി വീതം സൗജന്യമായി വിതരണം ചെയ്തു വരുന്നു. ഇപ്രകാരം സംസ്ഥാനമൊട്ടാകെ 7784 കുടുംബങ്ങൾക്ക് സൗജന്യറേഷൻ 31/3/2010 വരെയും തുടർന്ന് 7757 തൊഴിലാളി കുടുംബങ്ങൾക്ക് 1/4/2010 മുതൽ 31/5/2010 വരെയും സൗജന്യറേഷൻ

അനുവദിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 2008-09, 2009-10 വർഷങ്ങളിലെ ചെലവിലേയ്ക്കായി 1,22,65,000/- രൂപ അനുവദിക്കുകയും, അത് ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫീസർമാർക്ക് വിതരണം നടത്തുകയും ചെയ്തു.

3. എക്സ്ഗ്രേഷ്യാ വിതരണം

പൂട്ടിക്കിടക്കുന്നതും, പ്രതിസന്ധിയോടെ പ്രവർത്തിക്കുന്നതുമായ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് എക്സ്ഗ്രേഷ്യാ ധനസഹായം നൽകി വരുന്നു. 2008 ഓണക്കാലത്ത് 600/- രൂപ നിരക്കിലും 2009 ഓണക്കാലത്ത് 750/- രൂപ നിരക്കിലും ധനസഹായം വിതരണം ചെയ്തു. 2008-ൽ തിരുവനന്തപുരം, കൊല്ലം, ഇടുക്കി, പാലക്കാട് ജില്ലകളിലായി ആകെ 7781 തൊഴിലാളികൾക്ക് 46,68,600/- രൂപയും, 2009 ൽ 7803 തൊഴിലാളികൾക്കായി 58,52,250/- രൂപയും ഈ ഇനത്തിൽ വിതരണം ചെയ്തു.

4. കുടിവെള്ള, വൈദ്യുതി വിതരണ പദ്ധതി

19/6/2007 ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ കുടിവെള്ള വൈദ്യുതി വിതരണ പദ്ധതി പുന.സ്ഥാപിക്കുന്നതിനായി 2.98 കോടി രൂപ അനുവദിക്കുകയും 31 ചെറുകിട ജലസേചനപദ്ധതികളിലൂടെ കേരള വാട്ടർ അതോറിറ്റി 2.24 കോടി രൂപ ചെലവഴിച്ചും വൈദ്യുതി ബോർട്ട് 74 ലക്ഷം രൂപ ചെലവഴിച്ചും പദ്ധതി നടപ്പിലാക്കി വരുന്നു. ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ ഇടുക്കി ജില്ലാ കളക്ടർ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 276 — 12-07-2010- ൽ മറുപടിയ്ക്ക്

വളത്തിന്റെ ദൗർലഭ്യം പരിഹരിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. ജി. കാർത്തികേയൻ :<br>ശ്രീ. വർക്കല കഹാർ : | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് കൃഷിക്ക് അനുയോജ്യമായ കാലാവസ്ഥയിലും കർഷകർക്ക് ആവശ്യത്തിന് വളം ലഭിക്കുന്നില്ലെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ചില പരാതികൾ ഉണ്ടായിട്ടുണ്ട്. |
| ബി) സംസ്ഥാനത്തെ നെൽകൃഷിക്കാവശ്യമായ ഫാക്ടംഫോസ് ഉൽപ്പാദനം ആവശ്യാനുസരണം നടക്കാത്തതുമൂലം നെൽകൃഷിക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നറിയിക്കുമോ ; | ബി) | കേന്ദ്ര ഗവൺമെന്റ് പ്രതിമാസം അനുവദിക്കുന്ന ക്വാട്ട പ്രകാരം മാത്രമെ വളം ലഭ്യമാവുകയുള്ളൂ. കേന്ദ്ര ഗവൺമെന്റിന്റെ രാസവള മന്ത്രാലയം അനുവദിച്ചു തരുന്ന ക്വാട്ട പ്രകാരമുള്ള ഫാക്ടംഫോസ് എഫ്.എ.സി.ടി ലഭ്യമാക്കി മറ്റു കമ്പനികൾക്ക് നൽകിയ കോംപ്ലക്സ് വളങ്ങളുടെ ക്വാട്ട ലഭ്യമാക്കുന്നതിൽ വീഴ്ച വന്നതാണ് നേരിയ ലഭ്യതക്കുറവിനിടയാക്കിയത്. |
| സി) സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലാണ് വളത്തിന്റെ ദൗർലഭ്യം കൂടുതൽ ബാധിച്ചിട്ടുള്ളത് എന്ന് വെളിപ്പെ ടുത്തുമോ ; | സി) | യൂറിയയ്ക്കും കോംപ്ലക്സ് വളങ്ങൾക്കുമാണ് ലഭ്യതക്കുറവ് നേരിട്ടത്. മലയോര ജില്ലകളിലെ തോട്ടവിള മേഖലയിലാണ് ഫാക്ടംഫോസ് ലഭ്യതക്കുറവ് അനുഭവപ്പെട്ടത്. തെക്കൻ ജില്ലകളായ ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം, എന്നിവിടങ്ങളിൽ യൂറിയ ക്ഷാമം അനുഭവപ്പെട്ടു. |
| ഡി) സംസ്ഥാനത്തെ ജൈവവളം ഉപയോഗത്തിന്റെ വർദ്ധനവിനനുസരിച്ച് ഇതിന്റെ ലഭ്യത കൂട്ടുന്നതിന് നടപടി സ്വീകരി ക്കുമോ ; | ഡി) | രാസവള നിയന്ത്രണ ഉത്തരവിന്റെ (FCO) പരിധിയിൽ ജൈവവളങ്ങളായ മണ്ണിര കമ്പോസ്റ്റും സിറ്റി കമ്പോസ്റ്റും മാത്രമേ വരുന്നുള്ളൂ. മറ്റെല്ലാ വളവും കർഷകന് നേരിട്ട് സംഭരിച്ച് ഉപയോഗിക്കാവുന്നതാണ്. |

| | |
|---|---|
| ഇ) സംസ്ഥാനത്തിന് പുറത്തുനിന്ന് കൂടുതൽ ജൈവവളം ലഭ്യമാക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; | ഇ) ഇല്ല |
| എഫ്) ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ? | എഫ്) ബാധകമല്ല |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:277** **12.07.2010 ൽ മറുപടിയ്ക്ക്**

## സംസ്ഥാനത്തെ വൈദ്യുതോൽപ്പാദനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം<br>,, കെ.കെ. ജയചന്ദ്രൻ<br>,, വി.ജെ. തങ്കപ്പൻ<br>,, ബി.ഡി. ദേവസ്സി | ശ്രീ. എ.കെ. ബാലൻ<br>(പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി) |
| എ) ഇക്കൊല്ലത്തെ കാലവർഷത്തിൽ ഡാമുകളുടെ ജലനിരപ്പിൽ എന്തു മാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) 05.07.2010 ലെ കണക്കു പ്രകാരം സംസ്ഥാനത്തെ ജലസംഭരണികളിലെ സംഭരണശേഷി 1113.719 ദശലക്ഷം യൂണിററാണ്. 2009 ൽ ഇതേ ദിവസം സംഭരണശേഷി 947.787 ദശലക്ഷം യൂണിററായിരുന്നു. ഇക്കൊല്ലത്തെ കാലവർഷത്തിൽ ഡാമുകളുടെ സംഭരണശേഷിയിൽ 17.5% വർദ്ധനവുണ്ടായിട്ടുണ്ട്. ജലസംഭരണി തിരിച്ചുള്ള കണക്ക് അനുബന്ധം 1 ൽ കൊടുത്തിരിക്കുന്നു. |
| ബി) ഡാം മേഖലകളിൽ കാലവർഷം തുടങ്ങിയശേഷം എത്ര സെന്റീമീററർ മഴ ലഭിച്ചിട്ടുണ്ട്; | ബി) പദ്ധതി പ്രദേശത്ത് 2010 ജൂണിൽ ലഭിച്ച മഴയുടെ കണക്ക് അനുബന്ധമായി 2 ൽ കൊടുത്തിരിക്കുന്നു. |
| സി) ജലനിരപ്പ് കൂടിയതിനെത്തുടർന്ന് വൈദ്യുതോൽപ്പാദനത്തിൽ എന്തു മാത്രം വർദ്ധനവ് വരുത്തിയിട്ടുണ്ട്; | സി) ജനറേററുകളുടെ ലഭ്യതയും നീരൊഴുക്കും അനുസരിച്ച് സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതി കളിലെ ഉൽപ്പാദനം വർദ്ധിപ്പിച്ചിട്ടുണ്ട്. വലിയ സംഭരണനിലയങ്ങളായ ഇടുക്കി, ശബരിഗിരി, ഇടമലയാർ എന്നിവയിൽ കൂടുതൽ ജലം സംഭരിക്കത്തക്കവിധവും, താരതമ്യേന ചെറിയ സംഭരണനിലയ ങ്ങളിലെ പാഴായി പോകുന്ന ജലത്തിന്റെ അളവ് കഴിയുന്നത്ര കുറയ്ക്കുന്നതിനു വേണ്ടിയും ഇവയിൽ നിന്ന് പരമാവധി ഉൽപ്പാദനം നടത്തുന്നുണ്ട്. 2010 ജൂൺ 1ാം തീയതി മുതൽ ജൂലൈ 4ാം തീയതി വരെയുള്ള ആകെ ജലവൈദ്യുതി ഉൽപ്പാദനം 635.55 ദശലക്ഷം യൂണിററാണ്. മുൻവർഷം 2009 ജൂൺ 1ാം തീയതി |

| | | |
|---|---|---|
| | | മുതൽ ജൂലൈ 4ാം തീയതി വരെയുള്ള ആകെ ജലവൈദ്യുതി ഉൽപ്പാദനം 491.20 ദശലക്ഷം യൂണിററാണ്. |
| ഡി) | സംസ്ഥാനത്തെ ഡാമുകളിൽ ഇപ്പോൾ എത്ര ദിവസത്തെ വൈദ്യുതോൽപ്പാദനത്തിനുള്ള വെള്ളം ഉണ്ട്; | ഡി) 05.07.2010 ലെ കണക്കുപ്രകാരം സംസ്ഥാനത്തെ ജലസംഭരണികളിലെ സംഭരണ ശേഷി 1113.719 ദശലക്ഷം യൂണിററ് ഉൽപ്പാദിപ്പിക്കാനുള്ള വെള്ളം ഉണ്ട്. കരുതലായി 550 ദശലക്ഷം യൂണിററ് കഴിച്ച് ബാക്കിയുള്ള 563 ദശലക്ഷം യൂണിററിനുള്ള വെള്ളമുപയോഗിച്ച് ദിവസം 18 ദശലക്ഷം യൂണിററ് വീതം 31 ദിവസത്തേയ്ക്ക് ഉൽപ്പാദനം നടത്താം. |
| ഇ) | സംസ്ഥാനത്ത്, വൈദ്യുതി വിതരണത്തിൽ എന്തെങ്കിലും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?; | ഇ) ജലവൈദ്യുത പദ്ധതികളിൽ നിന്നും കേന്ദ്ര പൂളിൽ നിന്നും ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന വൈദ്യുതിയും കൊണ്ട് കേരളത്തിന്റെ വൈദ്യുതി ആവശ്യകത പൂർണ്ണമായി നിറവേററാൻ കഴിയില്ല. കൂടംകുളം ആണവ വൈദ്യുതി നിലയവും നെയ്‌വേലി ലിഗ്നേററ് കോർപ്പറേഷൻ അധിക വിപുലീകരണ പദ്ധതിയും വൈകുന്നതുമൂലം കേന്ദ്ര വൈദ്യുതി വിഹിതം പ്രതീക്ഷിച്ചതിനേക്കാൾ കുറയാനിട വന്നിട്ടുണ്ട്. ഈ കുറവ് പരിഹരിക്കുന്നതിനും കേരളത്തിന്റെ വൈദ്യുതി ആവശ്യകത പൂർണ്ണമായും നിറവേററുന്നതിനുമായി ഏകദേശം 1700 ദശലക്ഷം യൂണിററ് വൈദ്യുതി കമ്പോളത്തിൽ നിന്നും അധിക വിലക്ക് വാങ്ങേണ്ടിവരുമെന്ന് കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 278 — 12-07-2010 -ൽ മറുപടിക്ക്.

## അബ്കാരി നയം

| ചോദ്യം: | ഉത്തരം |
|---|---|
| ശ്രീ. പി. സി. ജോർജ്<br>" തോമസ് ചാഴികാടൻ<br>" റോഷി അഗസ്റ്റിൻ<br>" ജോസഫ് എം. പുതുശ്ശേരി | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ അബ്കാരി നയത്തിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകുമോ; | (എ) പതിവുപോലെ 2010-11 വർഷവും അബ്കാരി നയം പ്രഖ്യാപിച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിലധിഷ്ഠിത വ്യവസായമെന്ന നിലയിൽ, കള്ള് വ്യവസായത്തെ സംരക്ഷിക്കുന്നതിനും, വ്യാജമദ്യം, സ്പിരിറ്റ് കടത്ത്, മയക്കുമരുന്ന് മാഫിയകളുടെ പ്രവർത്തനം എന്നിവ പൂർണ്ണമായും തടയുന്നതിനും പ്രസ്തുത നയം ലക്ഷ്യമിടുന്നു. മദ്യപാനാസക്തിക്ക് എതിരായും മദ്യത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനും പുതിയ നയം ഊന്നൽ നൽകുന്നു. 2009-10 വർഷം കള്ള് ഷാപ്പ് നടത്തിയ വ്യക്തികൾക്ക് 'മുൻഗണന' നൽകിയിട്ടുണ്ട്. കള്ള് മേഖലയിൽ നിന്നും ബിനാമികളെ ഒഴിവാക്കുന്നതിനും, എല്ലാ ജില്ലകളിലും റ്റോഡി പാർലർ തുടങ്ങുന്നതിനും ഈ വർഷത്തെ അബ്കാരി നയം ലക്ഷ്യമിട്ടിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ലളിതാംബിക കമ്മിറ്റിയുടെ നടപ്പിലാക്കാത്ത ശുപാർശകൾ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ക്ലബ് ലൈസൻസ് ഫീ 8 ലക്ഷം രൂപയിൽ നിന്നും 15 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. |
| (ബി) അബ്കാരി നയവും നിയമവും മാറ്റുന്നത് സംബന്ധിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ചിരുന്ന കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്; | (ബി) റിട്ടയേർഡ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി.ജെ.ലളിതാംബിക IAS അദ്ധ്യക്ഷയായ വിദഗ്ദ്ധ സമിതിയുടെ പ്രധാന ശുപാർശകൾ താഴെപ്പറയുന്നവയാണ്.<br>1. കള്ള് ഷാപ്പുകൾ നടത്തുന്നതിന്, വൃത്തിയും വെടിപ്പുമുള്ള കെട്ടിടങ്ങൾ ഉണ്ടാകണം.<br>2. കള്ള് ഷാപ്പുകളുടെ നടത്തിപ്പിൽ ബിനാമി ഏർപ്പാടുകൾ പാടുള്ളതല്ല.<br>3. കള്ളിന്റെ സാമ്പിളുകൾ പരിശോധിച്ച് റിപ്പോർട്ട് താമസംവിനാ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.<br>4. കള്ളിന്റെയും, വിദേശമദ്യത്തിന്റെയും സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനക്കയച്ച്, ഗുണനിലവാരം ഉറപ്പാക്കണം. ടി സാമ്പിളായി ശേഖരിക്കുന്ന മദ്യത്തിന്റെ വില നൽകാൻ വ്യവസ്ഥ ചെയ്യണം.<br>5. എക്സൈസ് വകുപ്പ് കമ്പ്യൂട്ടറൈസ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുക. |

6. കേസ് അന്വേഷിക്കുന്നതിന്, അന്വേഷണ ഉദ്യോഗസ്ഥന്റെ നിർദ്ദേശ പ്രകാരം, കേസുമായി ബന്ധപ്പെട്ട ആളുകളുടെ മൊഴി രേഖപ്പെടുത്തുവാൻ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ / പ്രിവന്റീവ് ഓഫീസർ എന്നിവരെ Crpc 16 പ്രകാരം അധികാരപ്പെടുത്തേണ്ടതാണ്.

7. എക്സൈസ് ചെക്ക്പോസ്റ്റിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, എല്ലാ മേജർ ചെക്ക് പോസ്റ്റുകളും ഇന്റഗ്രേറ്റഡ് ആക്കുക.

8. എക്സൈസ് ഇന്റലിജൻസ് സംവിധാനം പുന:സംഘടിപ്പിക്കുക.

9. കേസ് അന്വേഷണത്തിനായി ക്രൈം ബ്രാഞ്ച് മാതൃകയിൽ പ്രത്യേക യൂണിറ്റുകൾ ഉണ്ടാക്കുക.

10. ബാർ ഹോട്ടലുകളുടെ പ്രവർത്തി സമയം 12 മണിക്കൂർ ആയി ക്ലിപ്തപ്പെടുത്തുക.

11. അബ്കാരി ആക്ട് 68 എ. വ്യവസ്ഥ ചെയ്യുന്ന എക്സ്പർട്ട് കമ്മിറ്റി രൂപീകരിക്കുക.

12. എക്സൈസ് മാനുവൽ ഭേദഗതി വരുത്തി പ്രസിദ്ധീകരിക്കുക.

13. വ്യാജവാറ്റ് തടയുന്നതിന് നടപടി എടുക്കുന്നതിന്, വനം വകുപ്പ് ഉദ്യോഗസ്ഥരെക്കൂടി അബ്കാരി ആക്ട് പ്രകാരം ചുമതലപ്പെടുത്തുക.

| | | | |
|---|---|---|---|
| (സി) | പുതിയ അബ്കാരി നയത്തിൽ വ്യാജമദ്യം തടയുന്നതിന് ഫലപ്രദമായ എന്തെല്ലാം നടപടികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; | (സി) | വ്യാജമദ്യത്തിനെതിരെയുള്ള ഫലപ്രദമായ നടപടികൾ മുൻവർഷങ്ങളിൽത്തന്നെ കൈകൊണ്ടിട്ടുണ്ട്. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരുടെ നേതൃത്വത്തിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. എക്സൈസ് വകുപ്പ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി, പുതിയ വാഹനങ്ങളും ആയുധങ്ങളും നൽകി വരുന്നു. കള്ള് മേഖലയിൽ നിന്നും ബിനാമികളെ പൂർണ്ണമായും ഒഴിവാക്കുന്നതിനും വ്യാജമദ്യം പൂർണ്ണമായും തടയുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 6 മേജർ ചെക്കുപോസ്റ്റുകൾ ഇപ്പോൾ സി.ഐ.മാരുടെ നിയന്ത്രണത്തിലാണ്. 33 മൈനർ ചെക്കു പോസ്റ്റുകളിൽ ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികളെടുത്തു വരുന്നു. പുനഃസംഘടിക്കപ്പെട്ട ജനകീയ കമ്മിറ്റികളുടെ സഹകരണത്തോടെ വ്യാജമദ്യത്തിനെതിരെയുള്ള നടപടികൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | മദ്യശാലകളുടെ പ്രവർത്തന സമയം കുറച്ചു കൊണ്ടുവരുന്നതിനെ സംബന്ധിച്ച് സർക്കാർ നിലപാടെന്താണ്? | (ഡി) | നിലവിലുള്ള സമയക്രമം മാറ്റുവാൻ ഉദ്ദേശിക്കുന്നില്ല. |

(signature)

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:279 12.07.2010 ൽ മറുപടിയ്ക്ക്**

## ചീമേനി മെഗാ താപനിലയപദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>,, കെ.സി. ജോസഫ്<br>,, എ.പി. അബ്ദുള്ളക്കുട്ടി<br>,, സി.പി. മുഹമ്മദ് | ശ്രീ. എ.കെ. ബാലൻ<br>(പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി) |
| എ) ചീമേനിയിൽ സ്ഥാപിക്കുന്ന നിർദ്ദിഷ്ട മെഗാതാപ നിലയ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇതുവരെ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | എ) 2009 ഫെബ്രുവരി 7ന് പുറപ്പെടുവിച്ച ഉത്തരവുപ്രകാരം കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ ഉദ്ദേശം 2400മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഒരു താപ വൈദ്യുതി നിലയം സ്ഥാപിയ്ക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ നോഡൽ ഏജൻസിയായി KSIDC.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. KSIDCയും KSEBയും ചേർന്ന് തുല്യപങ്കാളിത്തത്തോടെ രൂപീകരിയ്ക്കുന്ന ഒരു Special Purpose Vehicle (SPV) ആയിരിയ്ക്കും പദ്ധതി നടപ്പാക്കുന്നത്. ഇപ്രകാരം SPV രൂപീകരിയ്ക്കുന്നതിനുള്ള നടപടികൾ പുരോ ഗമിയ്ക്കുന്നു. പദ്ധതിയുടെ Techno Economic Feasibility Report (TEFR), Detailed Project Report (DPR) എന്നിവ തയ്യാറാക്കുന്നതിനായി Tata Consulting Engineers എന്ന സ്ഥാപനത്തെ ചുതലപ്പെടുത്തിയിട്ടുണ്ട്. TEFR ഇതിനകം തയ്യാറാക്കിയിട്ടുണ്ട്. DPR സമർപ്പിച്ചത് പദ്ധതി മേൽ നോട്ടത്തിനായുള്ള ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ രൂപീകരിച്ച Steering Committee യുടെ 15.06.2010 ലെ കമ്മിററി അംഗീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ Project Management Consultant ആയി a'XyKno Capital Services എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ Environmental Clearance നുള്ള അപേക്ഷ Ministry of Environment & Forest (MOEF)ന് സമർപ്പിയ്ക്കുകയും Environmental Impact Assessment (EIA) Study നടത്താനുള്ള കൺസൾട്ടന്റായി Ramky എന്ന സ്ഥാപനത്തെ നിയമിയ്ക്കുകയും ചെയ്തിട്ടുണ്ട്.<br>ചീമേനി വില്ലേജിൽ സർക്കാരിന്റെ കൈവശമുള്ള ഉദ്ദേശം 2000 ഏക്കർ സ്ഥലം പദ്ധതി നടപ്പാക്കുന്നതിനായി കണ്ടെത്തിയിട്ടുണ്ട്.<br>ഈ ഭൂമിയുടെ സർവേ നടപടികൾ പൂർ |

ത്തിയാക്കുകയും, പദ്ധതി പ്രദേശത്ത് താമസിക്കുന്ന ആളുകൾക്ക് കൈവശാവകാശരേഖയും, പട്ടയവും നൽകികൊണ്ടിരിക്കുകയും ദേശീയ പാതയിൽ നിന്ന് പദ്ധതി പ്രദേശത്തേയ്ക്കുള്ള പാതയുടെ വീതി കൂട്ടുന്നതിനുള്ള രൂപരേഖ തയ്യാറാക്കുകയും ചെയ്തു വരുന്നു. പദ്ധതി യ്ക്കാവശ്യമായ ഇന്ധനം (കൽക്കരി, പ്രകൃതിവാതകം) ലഭ്യമാക്കുന്നതിനു വേണ്ടി കേന്ദ്രസർക്കാരിനെ സമീപിക്കുകയും അതനുസരിച്ച് വർഷം തോറും 5 മില്യൺ ടൺ ശേഷിയുള്ള കൽക്കരി ഖനി ഒറീസ്സയിലെ ബൈതരണിയിൽ അനുവദിക്കുകയും ചെയ്തു. അതിന്റെ ഖനനത്തിനു വേണ്ടിയുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ വർഷം തോറും പദ്ധതി യ്ക്കാവശ്യമായ 1.2 മില്യൺ ടൺ അധിക കൽക്കരിയ്ക്കായി കേന്ദ്രഗവൺമെന്റിനെ സമീപിച്ചിട്ടുണ്ട്. പ്രകൃതിവാതകം കൊണ്ടുള്ള പദ്ധതിയ്ക്കാവശ്യമായ 5.4 MMCMD പ്രകൃതി വാതകം അനുവദിക്കുന്നതിനു വേണ്ട നടപടികൾക്ക് കേന്ദ്ര ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ട്. കൂടാതെ കൊച്ചി എൽ.എൻ.ജി ടെർമിനലിൽ നിന്നും പ്രകൃതി വാതകം ലഭിക്കുന്നതിനായി ഗെയിൽ ഇന്ത്യാ ലിമിററഡുമായി ചർച്ചകൾ നടത്തിവരുന്നു.

ബി) പ്രസ്തുത നിലയത്തിന്റെ സ്ഥാപിതശേഷി എത്ര മെഗാവാട്ടാണ്; ആദ്യഘട്ടത്തിൽ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാകും;

ബി) കൽക്കരി കൊണ്ട് പ്രവർത്തിക്കുന്ന താപ നിലത്തിന്റെ ശേഷി 1320 മെഗാവാട്ടും പ്രകൃതിവാതകം കൊണ്ടു പ്രവർത്തിക്കുന്ന താപ നിലയത്തിന്റെ ശേഷി 1200 മെഗാവാട്ടും ആണ്. ആദ്യഘട്ടത്തിൽ പ്രകൃതിവാതകം കൊണ്ടുള്ള ആദ്യയൂണിററ് (400 മെഗാവാട്ട്) 2013 മദ്ധ്യത്തോടെയും, കൽക്കരി കൊണ്ടുള്ള ആദ്യയൂണിററ് (660 മെഗാവാട്ട്) 2015 ഓടെയും പ്രവർത്തന സജ്ജമാകും എന്നാണ് പ്രതീക്ഷിക്കുന്നത്.

സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിനാവശ്യമായ കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചുകഴിഞ്ഞുവോ;

സി) ഈ പദ്ധതി 12ാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള അപേക്ഷ KSIDC കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

ഡി) കൽക്കരിക്കു പുറമേ, മററെന്തൊക്കെ ഇന്ധനങ്ങൾ പ്രസ്തുത താപ നിലയത്തിൽ ഉപയോഗിക്കാൻ കഴിയുമെന്നാണ് കരുതുന്നത്;

ഡി) കൽക്കരിയ്ക്കു പുറമെ പ്രകൃതിവാതകവും ഇന്ധനമായി ഉപയോഗിയ്ക്കുവാനാണ് ഉദ്ദേശിയ്ക്കുന്നത്.

| | | |
|---|---|---|
| ഇ) | പ്രസ്തുത ഇന്ധനങ്ങൾ എവിടെ നിന്നുമൊക്കെ ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; | ഇ) ഒറീസ്സയിലെ ബൈതരണി കൽക്കരി പ്പാടത്തിൽ നിന്നും കെ.എസ്.ഇ.ബി.യ്ക്ക് അനുവദിച്ചിട്ടുള്ള 5MT കൽക്കരി ചീമേനി പദ്ധതിയ്ക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനു പുറമെ ആവശ്യമായി വരുന്ന കൽക്കരി അനുവദിച്ചു കിട്ടാൻ KSIDC കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിയ്ക്കാവശ്യമായ പ്രകൃതിവാതകം GAIL സ്ഥാപിയ്ക്കുന്ന കൊച്ചി - മംഗലാപുരം പ്രകൃതിവാതക പൈപ്പ് ലൈനിൽ നിന്നും ലഭ്യമാക്കാനാണ് ഉദ്ദേശിയ്ക്കുന്നത്. ഇതിനുള്ള അപേക്ഷയും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| എഫ്) | ടി പദ്ധതിക്ക് എന്തൊക്കെ കേന്ദ്ര സഹായങ്ങൾ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്? | എഫ്) പദ്ധതി നടപ്പാക്കുന്നതിന് പ്രത്യേക കേന്ദ്ര സഹായം ഒന്നും ലഭ്യമല്ല. എന്നാൽ പദ്ധതിയുടെ ശേഷി 1000MWൽ കൂടുതലായതുകൊണ്ട് കേന്ദ്ര സർക്കാരിന്റെ മെഗാപവർ പോളിസി അനുസരിച്ചുള്ള കസ്റ്റംസ് ഡ്യൂട്ടി ഇളവും മറ്റ് നികുതി ഇളവുകളും ലഭിയ്ക്കുന്നതാണ്. കൂടാതെ പദ്ധതിയ്ക്കാവശ്യമായ പ്രകൃതിവാതകവും അധിക ആവശ്യമായി വരുന്ന കൽക്കരിയും കേന്ദ്ര ഗവൺമെന്റ് ലഭ്യമാക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 280 — 12.7.2010ൽ മറുപടിക്ക്

**തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ**

ചോദ്യം

ശ്രീ. എസ് രാജേന്ദ്രൻ
ശ്രീമതി. ജെ.അരുന്ധതി
ശ്രീ. പി.ടി.എ.റഹീം
ശ്രീ. പി.കൃഷ്ണപ്രസാദ്

മറുപടി

ശ്രീ. മുല്ലക്കര രത്നാകരൻ
(കൃഷി വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ ഹോർട്ടിക്കോർപ്പ് മുഖേന ഗുണഭോക്താക്കൾക്ക് സൗജന്യമായി തേനീച്ച വളർത്തൽ പരിശീലനം നടത്തുകയും പരിശീലനം ലഭിച്ച ഗുണഭോക്താക്കൾക്ക് തേനീച്ച കോളനികളും അനുബന്ധ ഉപകരണങ്ങളും സബ്സിഡി നിരക്കിൽ വിതരണം ചെയ്ത് വരികയും ചെയ്യുന്നു. |
| (ബി) | ഇതിനകം എത്രപേർ ഹോർട്ടികോർപ്പിന്റെ തേനീച്ച വളർത്തൽ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി)5184 പേർ ഹോർട്ടിക്കോർപ്പിന്റെ തേനീച്ച വളർത്തൽ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | ഇവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്നറിയിക്കുമോ; | (സി)സൗജന്യമായി തേനീച്ച വളർത്തൽ പരിശീലനം നൽകുന്നു. സബ്സിഡി വ്യവസ്ഥയിൽ തേനീച്ച കൂടുകളും കോളനികളും അനുബന്ധ ഉപകരണങ്ങളും നൽകി വരുന്നു. |
| (ഡി) | തേനിന് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി)പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | തേനീച്ച വളർത്തലിൽ പരിശീലനം നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) തേനീച്ച വളർത്തലിൽ സൗജന്യ പരിശീലനം ഹോർട്ടിക്കോർപ്പ് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 281 — 12.7.2010 ൽ മറുപടിക്ക്

നെൽകർഷകർക്ക് പലിശ രഹിത വായ്പ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.എൻ. പ്രതാപൻ :<br>ശ്രീ. എ.പി. അനിൽകുമാർ :<br>ശ്രീ. പി.സി. വിഷ്ണുനാഥ് : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നെൽകൃഷി വികസിപ്പിക്കുന്നതിനായി നെൽകർഷകർക്ക് പലിശ രഹിത വായ്പ നൽകുന്ന പദ്ധതിക്ക് സർക്കാർ തുടക്കമിട്ടിരുന്നുവോ ; | (എ) 2007-2008-ൽ തുടക്കമിട്ടിരുന്നു. |
| (ബി) എന്നുമുതലാണ് പ്രസ്തുത പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചത് ; | (ബി) 2007-08 സാമ്പത്തിക വർഷത്തിൽ പാലക്കാട് ജില്ലയിലെ നെൽകർഷകർക്ക് "പലിശരഹിത വായ്പ പദ്ധതി" നടപ്പാക്കിക്കൊണ്ടാണ് പ്രസ്തുത പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചത്. |
| (സി) പ്രസ്തുത പദ്ധതിയിൻകീഴിൽ ഇതുവരെ സംസ്ഥാനത്തൊട്ടാകെ എത്ര കോടി രൂപ പലിശരഹിത വായ്പയായി അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ ; | (സി) നെൽകർഷകർക്ക് പലിശരഹിത വായ്പയായി സംസ്ഥാനത്തൊട്ടാകെ സഹകരണ സംഘങ്ങൾ / ബാങ്കുകൾ മുഖേന 2007-08-ൽ 3.14 കോടി (പാലക്കാട് മാത്രം) രൂപയും 2008-09-ൽ 23.27 കോടി രൂപയും 2009-10-ൽ 129.85 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) ഏതൊക്കെ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും വഴിയാണ് ഇത്തരം വായ്പകൾ വിതരണം ചെയ്തത് ; | (ഡി) സംസ്ഥാനത്തെ പ്രൈമറി സഹകരണ ബാങ്കുകൾ വഴിയാണ് ഇത്തരം വായ്പകൾ വിതരണം ചെയ്തത്. |
| (ഇ) ഇപ്രകാരം വിതരണം ചെയ്യുന്ന വായ്പകളുടെ പലിശ സബ്സിഡിയായി ഇതുവരെ എന്ത് തുക സർക്കാരിന് ചെലവായി എന്ന് വെളിപ്പെടുത്തുമോ; | (ഇ) പലിശ സബ്സിഡിയായി 2007-08 മുതൽ 2009-10 വരെ 1,92,06,284 രൂപ ചെലവായി. |

(എഫ്) ഈ വർഷം ഈ ഇനത്തിൽ എത്ര കോടി രൂപയുടെ പലിശ രഹിത വായ്പ നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(എഫ്) സഹകരണ വകുപ്പു വഴി പലിശരഹിത വായ്പ പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ 100 ലക്ഷം രൂപ 2010-11 - ൽ അനുവദിച്ചിട്ടുണ്ട്.

(ജി) സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലെ നെൽകർഷകർക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കി എന്നത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ?

(ജി) 2007-08 സാമ്പത്തിക വർഷം പാലക്കാട് ജില്ലയിലെ നെൽകർഷകർക്കും 2008-09 -ൽ പാലക്കാട് , തൃശ്ശൂർ, മലപ്പുറം ജില്ലകളിലുൾപ്പെടുന്ന കോൾ നിലങ്ങൾ, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലുൾപ്പെടുന്ന കുട്ടനാട് പാടശേഖരങ്ങൾ എന്നീ മേഖലകളിലെ നെൽകർഷകർക്കും 2009-10-ൽ സംസ്ഥാനമൊട്ടാകെയുള്ള നെൽകർഷകർക്കും പലിശരഹിത വായ്പ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കി.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 282      12/07/2010-ൽ മറുപടിക്ക്

### പട്ടികവിഭാഗക്കാർക്കായുള്ള വികസന ഫണ്ട്

**ചോദ്യം**

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:
ശ്രീ. എം. പ്രകാശൻ മാസ്റ്റർ:
ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ:
ശ്രീ. മഞ്ഞളാംകുഴി അലി:

**ഉത്തരം**

ശ്രീ. എ.കെ. ബാലൻ
(പിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) പട്ടികവിഭാഗക്കാർക്കുള്ള വികസന ഫണ്ട് ചെലവഴിക്കുന്നതിനുള്ള നടപടികൾ കാര്യക്ഷമമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പട്ടികവർഗ്ഗ വികസന ഫണ്ട് വിനിയോഗിക്കുന്നതിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷമുള്ള പട്ടികവർഗ്ഗ വികസന ഫണ്ട് വിനിയോഗത്തിന്റെ കണക്ക് താഴെ പറയും പ്രകാരമാണ്. |
| (സി) പട്ടികജാതി വികസന ഫണ്ട് വിനിയോഗത്തിൽ പുരോഗതി കൈവരിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. |

| വർഷം | വിനിയോഗം ശതമാനത്തിൽ |
|---|---|
| 2006-07 | 91.43% |
| 2007-08 | 91.42% |
| 2008-09 | 89.56% |
| 2009-10 | 92.13% |

| | |
|---|---|
| (ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വികസന ഫണ്ട് വിനിയോഗം എത്ര ശതമാനമായിരുന്നു എന്ന് വെളിപ്പെടുത്തുമോ; | (ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതികളുടെ ഫണ്ട് വിനിയോഗത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു. |

| വർഷം | പട്ടികവർഗ്ഗ വികസനം വിനിയോഗം ശതമാനത്തിൽ | പട്ടികജാതി വികസനം വിനിയോഗം ശതമാനത്തിൽ |
|---|---|---|
| 2001-02 | 70.41% | 37.54% |
| 2002-03 | 78.43% | 97.09% |
| 2003-04 | 60.21% | 62.86% |
| 2004-05 | 83.35% | 65.12% |
| 2005-06 | 82.79% | 70.26% |

| | |
|---|---|
| (ഇ) വികസന ഫണ്ട് ഏതെല്ലാം കാര്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, ഭവന നിർമ്മാണം, വൈദ്യുതീകരണം, റോഡ് നിർമ്മാണം, മറ്റു വിവിധ വികസന ക്ഷേമ / തൊഴിലധിഷ്ഠിത പദ്ധതികൾ എന്നിവയിലൂടെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് വികസന ഫണ്ട് വിനിയോഗിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 283 — 12/7/2010-ൽ മറുപടിക്ക്

## ഊര് സന്ദർശന പരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി. പി. കുഞ്ഞുണ്ണി :<br>ശ്രീ. ബി. ഡി. ദേവസ്സി :<br>ശ്രീ. എം. കെ. പുരുഷോത്തമൻ :<br>ശ്രീ. കെ. വി. കുഞ്ഞിരാമൻ : | ശ്രീ. എ. കെ. ബാലൻ<br>പിന്നോക്ക പട്ടികസമുദായ<br>ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി. |

| | | | |
|---|---|---|---|
| (എ) | പട്ടികസമുദായക്ഷേമ വകുപ്പു മന്ത്രിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികളും വിവിധ വകുപ്പു മേധാവികളും ആദിവാസി ഊരുകളിലും പട്ടികജാതി കോളനികളിലും നടത്തിയ സന്ദർശനം കൊണ്ട് ഈ വിഭാഗക്കാർക്ക്, ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | (എ) | അടിസ്ഥാന വികസനം കടന്ന് ചെന്നിട്ടില്ലാത്ത പ്രദേശങ്ങളിലെ ജനങ്ങളെ നേരിൽ കാണുന്നതിനും അവരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി പരിഹാരം ഉടനടി കണ്ടെത്തുന്നതിനുമായിട്ടാണ് സന്ദർശനം നടത്തിയത്. ചികിത്സ സംബന്ധമായ അപേക്ഷകൾക്ക് അവിടെ വെച്ച് തന്നെ പരിഹാരം കാണുന്നതിനും 596 പേർക്ക് ആകെ 19,10,500/- രൂപ ചികിത്സാ ധനസഹായമായി ഉടനടി വിതരണം ചെയ്യുന്നതിനും സന്ദർശനം ഉപകരിച്ചു. സന്ദർശനത്തോടനുബന്ധിച്ച് ഇതര വകുപ്പിലെ ഉദ്യോഗസ്ഥർ അനുഗമിച്ചിരുന്നതിനാൽ മറ്റ് വകുപ്പുകളിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും സഹായകരമായി (പെൻഷൻ, റേഷൻ കാർഡ് ഉൾപ്പെടെയുള്ള കാര്യങ്ങൾ). സന്ദർശനത്തിനു ശേഷം വയനാട്ടിൽ 8,92,500/- രൂപ ചെലവിൽ ഡയറി യൂണിറ്റ്, പോത്തുകുട്ടി, കന്നുക്കുട്ടി വളർത്തൽ പദ്ധതിക്ക് 11,60,000/- രൂപയും ആട് വളർത്തൽ യൂണിറ്റ് തുടങ്ങുന്നതിന് 21,09,000/- രൂപയുടെയും പദ്ധതി നടപ്പിലാക്കുന്നതിനും സാധിച്ചിട്ടുണ്ട്.<br>സമ്പൂർണ്ണ വൈദ്യുതീകരണത്തിനും വിവിധ റോഡുകൾ, കുടിവെള്ള പദ്ധതികൾ എന്നിവക്കായി വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ |

| | | | |
|---|---|---|---|
| | | | പദ്ധതി നടപ്പിലാക്കുന്നതിനുള്ള പരിപാടികൾ സന്ദർശനത്തിന്റേയും ലഭിച്ച പരാതികളുടേയും അടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. അട്ടപ്പാടിയിൽ ഭവന രഹിതരായ 178 ആദിവാസികൾക്ക് പുതിയ വീടുകൾ അനുവദിച്ചു നൽകി. അട്ടപ്പാടി ഊരുകളിലെ വൈദ്യുതീകരണം ഏതാണ്ട് പൂർണ്ണമായും പൂർത്തീകരിച്ചു വരുന്നു. കൂടാതെ അട്ടപ്പാടിയിൽ വരഗ്ഗംപാടി മൂലഗംഗൽ റോഡ് അനുവദിച്ച് നൽകുകയും ചെയ്തു. ഇടുക്കിയിൽ 80 ഏക്കർ, പന്തടിക്കളം എന്നീ കോളനികൾ വൈദ്യുതീകരിക്കുന്നതിന് യഥാക്രമം 31,56,000/- രൂപയും, 41,46,000/- രൂപയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ സ്ഥലം കാണിച്ചുകൊടുത്ത ആദിവാസി മൂപ്പനായ ശ്രീ. കൊലുമ്പന്റെ പേരിൽ ഒരു വിദ്യാഭ്യാസ അവാർഡ് ഏർപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത സന്ദർശനത്തെ തുടർന്ന് ഈ കോളനികളിൽ എന്തെങ്കിലും വികസന പാക്കേജുകൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (ബി) | ഓരോ ഊരിലും അടിസ്ഥാന പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുക എന്നതാണ് അടിസ്ഥാന വികസന പാക്കേജ്. ആയത് അനുസരിച്ച് വീട്, റോഡ്, വൈദ്യുതി, കുടിവെള്ളം തുടങ്ങിയവയ്ക്ക് പദ്ധതി തയ്യാറാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഊരു സന്ദർശനത്തിനിടെ ലഭിച്ച പരാതികൾ പരിഹരിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; | (സി) | നിലവിലുള്ള സംവിധാനം പര്യാപ്തമായതിനാൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. |
| (ഡി) | വ്യാജമദ്യം തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടത്താൻ ഈ സന്ദർശന പരിപാടി പ്രയോജനപ്പെടുത്തുമോ ; | (ഡി) | ഊരുകളുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിച്ച് അവരെ മുഖ്യധാരാ ജീവിത ശൈലിയിലേയ്ക്ക് കൊണ്ടു വരികയും, അടിസ്ഥാന വിദ്യാഭ്യാസം നേടുന്നതിനും അതിലൂടെ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുകയും ചെയ്യുന്നതിന് |

| | | | |
|---|---|---|---|
| | | | കൂടിയാണ് സന്ദർശനം ലക്ഷ്യം വെച്ചിട്ടുള്ളത്. |
| (ഇ) | ഈ വർഷം ഏതെല്ലാം ജില്ലകളിൽ ഊരു സന്ദർശനം നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | (ഇ) | ഈ വർഷത്തെ ഊരു സന്ദർശന പരിപാടിയുടെ വിശദാംശങ്ങൾ തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 284</u> <u>12.07.2010-ൽ മറുപടിയ്ക്ക്</u>

<u>ഹോർട്ടികൾച്ചർ മിഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ</u>

| *ചോദ്യം* | *മറുപടി* |
|---|---|
| ശ്രീ. എം.എം.മോനായി:<br>ശ്രീമതി. കെ.കെ.ലതിക:<br>ശ്രീ. പി.ടി.എ.റഹീം: | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) |
| (എ) ഹോർട്ടികൾച്ചർ മിഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ജില്ലാതല നിർവ്വഹണ ഉദ്യോഗസ്ഥരായി 14 ജില്ലകളിലും ഓരോ കൃഷി ഡെപ്യൂട്ടി ഡയറക്ടറെ നിയമിച്ചിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പിലേയും കേരള കാർഷിക സർവ്വകലാശാലയിലേയും എട്ട് തസ്തികകൾ താത്കാലികമായി മിഷൻ ഹെഡ്ക്വാർട്ടേഴ്സിലേയ്ക്ക് മാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നടപടികൾ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സഹായകരമായിട്ടുണ്ട്. |
| (ബി) പുതുതായി എന്തെല്ലാം പദ്ധതികളാണ് മിഷൻ മുഖേന നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) 2010-11 സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്നതിനായി ദേശീയ ഹോർട്ടികൾച്ചർ മിഷനിൽ നിന്നും അംഗീകാരം ലഭിച്ച നൂതന പദ്ധതികൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു. |
| (സി) കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും നഴ്സറി നിർമ്മിക്കുന്നതിന് മിഷൻ സഹായം ചെയ്യുന്നുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) വാഴ, പൈനാപ്പിൾ എന്നീ കൃഷികളുടെ വികസനത്തിനായി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ ; | (ഡി) വാഴ, പൈനാപ്പിൾ മുതലായവയുടെ കൃഷി വികസനത്തിനായി ഒരു ഹെക്ടറിന് 35,000 രൂപ ധനസഹായം നൽകുന്നതാണ്. 75:25 എന്ന അനുപാതത്തിൽ രണ്ടു തവണകളായിട്ടാണ് ഈ തുക നൽകുന്നത്. കൂടാതെ ടിഷ്യൂകൾച്ചർ വാഴയുടേയും പൈനാപ്പിളിന്റെയും കൃഷിയ്ക്കായി ഒരു ഹെക്ടറിന് 50,000 രൂപ ധനസഹായം നൽകുന്നതാണ്. |
| (ഇ) ഔഷധ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മിഷൻ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ? | (ഇ) ഉണ്ട്. കേരളത്തിലെ ഔഷധസസ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ദേശീയ ഔഷധ സസ്യബോർഡ് നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഔഷധസസ്യ മിഷൻ ഇപ്പോൾ സംസ്ഥാന |

ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതി 2009-10 മുതൽ 2011-12 വരെ 3 വർഷത്തേയ്ക്ക് 49.27 കോടി രൂപ ധനസഹായത്തോടെ നടപ്പാക്കാൻ അനുവാദം ലഭിച്ചിട്ടുണ്ട്.

ഗുണമേൻമയുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനത്തിനായി മാതൃകാ നഴ്സറികൾ സ്ഥാപിക്കാൻ ധനസഹായം ലഭ്യമാക്കുന്നുണ്ട്. 2 ലക്ഷം മുതൽ 3 ലക്ഷം തൈകൾ വരെ ഉൽപാദന ശേഷിയുള്ള നഴ്സറികൾ സ്ഥാപിക്കാൻ പൊതു മേഖലയിൽ പദ്ധതി ചെലവിന്റെ 100 ശതമാനവും (പരമാവധി 20 ലക്ഷം രൂപ) സ്വകാര്യ മേഖലയിൽ 50 ശതമാനവും (പരമാവധി 10 ലക്ഷം രൂപ) ധനസഹായം നൽകുന്നുണ്ട്. ചെറുകിട കർഷകർക്ക് 60,000 മുതൽ 70,000 തൈകൾ വരെ ഉൽപാദന ശേഷിയുള്ള നഴ്സറികൾക്ക് പൊതുമേഖലയിൽ പദ്ധതി ചെലവിന്റെ 100% വും (പരമാവധി 4 ലക്ഷം രൂപ) സ്വകാര്യ മേഖലയിൽ 50% വും (പരമാവധി 2 ലക്ഷം രൂപ) ധനസഹായം നൽകുന്നു.

കൂടാതെ ഔഷധ സസ്യങ്ങളുടെ വിള വിസ്തൃതി വർദ്ധിപ്പിക്കാനായി പദ്ധതി ചെലവിന്റെ 75% മുതൽ 20% വരെ ധനസഹായം, വിളവെടുപ്പാനന്തര പരിപാലനത്തിനായി ഉണക്കുപുര, സംഭരണശാല എന്നിവ സ്ഥാപിക്കാൻ ധനസഹായം സംസ്കരണത്തിനും മൂല്യവർദ്ധനവിനുമായി ധനസഹായം, ഔഷധസസ്യ കൃഷിയെക്കുറിച്ച് കേരളത്തിനകത്തും പുറത്തും മാതൃകാ കൃഷി സ്ഥല സന്ദർശനത്തോടു കൂടിയുള്ള പരിശീലനം/ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ധനസഹായം എന്നിവയും ദേശീയ ഔഷധ സസ്യ കൃഷി പദ്ധതികൾ പ്രകാരം നടപ്പിലാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം - I</u>

| ക്രമ നമ്പർ | പദ്ധതി | നീക്കിയിരിപ്പ് തുക |
|---|---|---|
| 1. | പൊതുമേഖലയിൽ ടിഷ്യുകൾച്ചർ ലാബുകൾ നിർമ്മിക്കുന്നതിന് | 2 കോടി രൂപ |
| 2. | ഐ.സി.എ.ആർ/ കാർഷിക യൂണിവേഴ്സിറ്റിയിൽ നിന്നും ബ്രീഡർ വിത്തുകൾ വാങ്ങുന്നതിന് | 1 ലക്ഷം രൂപ |
| 3. | നടീൽ വസ്തുക്കളുടെ ഇറക്കുമതിയ്ക്കായി | 105 ലക്ഷം രൂപ |
| 4. | ടിഷ്യുകൾച്ചർ വാഴ, കൈതച്ചക്ക എന്നിവയുടെ കൃഷി വ്യാപനം | 15.601 ലക്ഷം രൂപ |
| 5 | വ്യക്തികൾക്ക് 20X20X3 മീറ്റർ വ്യാപ്തിയുള്ള ജലസംഭരണികൾ നിർമ്മിക്കുന്നതിനുള്ള ധന സഹായം | സമതല പ്രദേശം: 120 ലക്ഷം രൂപ<br>മലയോര പ്രദേശം: 27.6 ലക്ഷം രൂപ |
| 6. | സത്കൃഷി പരിപാലന മുറകൾക്കുള്ള സർട്ടിഫിക്കേഷൻ | 50 ലക്ഷം രൂപ |
| 7. | നൂതനമെഷീനുകളുടെ ഇറക്കുമതി | 100 ലക്ഷം രൂപ |
| 8. | ഫലശ്രീ പദ്ധതി- തെരഞ്ഞെടുക്കപ്പെട്ട 50 പഞ്ചായത്തുകളിലായി 350 ഹെക്ടറിൽ മാവ്, പേര, സപ്പോട്ട മുതലായ ഫല വൃക്ഷതൈകൾ നട്ടു പിടിപ്പിക്കുന്നതിനുള്ള 84 ലക്ഷം രൂപയുടെ പദ്ധതി. | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 285 12.07.2010-ലെ മറുപടിക്ക്.

**ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയ തൊഴിൽമേഖലകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ; | ശ്രീ. പി.കെ. ഗുരുദാസൻ |
| ശ്രീ. കെ.സി. ജോസഫ്; | (തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| ശ്രീ. എൻ. ശക്തൻ; | |
| ശ്രീ. എം. പി. വാഹിദ്; | |

| | |
|---|---|
| (എ) സംസ്ഥാനത്ത് വിവിധ ക്ഷേമ ബോർഡുകളിൽ പ്രവർത്തിക്കുന്ന ഏതൊക്കെ തൊഴിൽ മേഖലകളിലെ തൊഴിലാളികളെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൻകീഴിൽ കൊണ്ടുവന്നിട്ടുണ്ട്; | (എ) വിവിധ ക്ഷേമനിധി ബോർഡുകളുടെ കീഴിൽ വരുന്ന മത്സ്യതൊഴിലാളി കുടുംബങ്ങൾ, കർഷക തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, കയർ, ഖാദി, കൈത്തറി, ബീഡി, പനമ്പ്, ഈറ്റ, കാട്ടുവള്ളി, ബാർബർ-ബ്യൂട്ടീഷൻ മേഖലകളിലെ തൊഴിലാളികൾ, കശുവണ്ടി മേഖലയിലെ പെൻഷൻകാർ, കള്ളുചെത്തു ക്ഷേമനിധി പെൻഷൻകാർ, അലക്കു തൊഴിലാളികൾ, കേരള കൈ തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൻകീഴിൽ വരുന്ന തൊഴിലാളികൾ, ചെറുകിട തോട്ടം തൊഴിലാളികൾ എന്നിവരെയും കൂടാതെ അംഗൻവാടി വർക്കേഴ്സ്, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ 50 ദിവസമെങ്കിലും പണിയെടുത്ത തൊഴിലാളികൾ |

എന്നിവരെയുമാണ് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഇക്കൊല്ലം തീരുമാനിച്ചിട്ടുള്ളത്.

(ബി) അസംഘടിത മേഖലകളിൽ പ്രവൃത്തിയെടുക്കുന്ന ഏതെല്ലാം മേഖലകളിലെ തൊഴിലാളികളെയാണ് ഇനിയും ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവരേണ്ടത് എന്നു വെളിപ്പെടുത്തുമോ;

(സി) ഇത്തരം കൂടുതൽ തൊഴിലാളികളെ ഈ പദ്ധതിയിൻ കീഴിൽ കൊണ്ടുവരുന്നതിന് എന്തൊക്കെ നടപടികളാണ് തൊഴിൽ വകുപ്പ് സ്വീകരിച്ചുവരുന്നത് എന്ന് വിശദീകരിക്കുമോ?

(ബി & സി) എതെങ്കിലും ക്ഷേമനിധി ബോർഡിലോ ക്ഷേമ പദ്ധതിയിലോ അംഗമല്ലാത്ത തൊഴിലാളികളെയും 2002ലെ ബി.പി.എൽ. ലിസ്റ്റിൽ വരാത്ത തൊഴിലാളികളെയും ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ കീഴിൽ കൊണ്ടുവരാനായിട്ടില്ല. ക്ഷേമനിധി ബോർഡിന്റെയോ പദ്ധതിയുടെയോ പരിധിയിൽ വരാത്ത തൊഴിലാളികളുടെ ആധികാരിക ലിസ്റ്റ് തയ്യാറാക്കാനാകാത്തതു മൂലമാണ് ഇപ്പോൾ ഈ വിഭാഗങ്ങളെ പദ്ധതിയിൽ അംഗമാക്കാൻ സാധിക്കാതെ വന്നിട്ടുള്ളത്. ഇനിയും പദ്ധതിയിൽ ചേർക്കാൻ സാധിക്കാത്ത തൊഴിലാളികളെ ഈ പദ്ധതിയിൽ ചേർക്കുന്നതിനെപ്പറ്റിയുള്ള വിശദാംശങ്ങൾ സർക്കാർ തലത്തിൽ ചർച്ച ചെയ്ത് വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.286      12. 07. 2010 ൽ മറുപടിയ്ക്ക്

ഒഡെപെക്കിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. വി. ശശികുമാർ | ശ്രീ. പി.കെ ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഓവർസീസ് ഡെവലപ്പ്മെന്റ് ആന്റ് (എ) എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൽട്ടന്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | അഭ്യസ്ത വിദ്യരായ യുവതീ-യുവാക്കൾക്ക് വിദേശത്ത് അർഹമായ തൊഴിൽ സാദ്ധ്യതകൾ കണ്ടെത്തി അവർക്ക് അത് ലഭ്യമാക്കി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുക എന്നതാണ് ഒ.ഡി.ഇ.പി.സി.യുടെ മുഖ്യമായ പ്രവർത്തന ലക്ഷ്യം. കഴിഞ്ഞ മുപ്പത്തിരണ്ടു വർഷക്കാലമായി തൊഴിൽ അവസരങ്ങൾ നൽകി സഹായിക്കുന്ന വിദേശതൊഴിൽ ദാതാക്കളുമായുള്ള ബന്ധം മെച്ചപ്പെടുത്തി തുടർന്ന് കൊണ്ടുപോകുന്നതിനോടൊപ്പം പുതിയ അവസരങ്ങൾ കണ്ടെത്തുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികളുടെ പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിപുലമായ ഒരു ഡേറ്റാ ബാങ്ക് ഒ.ഡി.ഇ.പി.സി.യിൽ ഉണ്ട്. കേന്ദ്ര പ്രവാസി കാര്യ വകുപ്പിനും വിദേശകാര്യ വകുപ്പിനും ഒ.ഡി.ഇ.പി.സി.യുടെ സുതാര്യതയെക്കുറിച്ചും ഏതു തൊഴിലിനും പ്രാപ്തരായ ഉദ്യോഗാർത്ഥികളെ നൽകുവാൻ തയ്യാറാണെന്ന് കാണിച്ച് കത്തുകൾ എഴുതുകയും |

| | | | |
|---|---|---|---|
| | | | വിദേശ രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളെ ഈ വിവരം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. വിദേശത്തുള്ള ഇന്ത്യൻ എംബസികളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിലാസം ശേഖരിച്ച് അവയുടെ മേധാവികൾക്ക് അദ്ധ്യാപക നിയമനം നടത്തുവാൻ അവസരം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കത്തുകൾ അയച്ചിട്ടുണ്ട്. അതിന്റെ ഫലമായിട്ട് ഒമാനിലെ സലാല ഇന്ത്യൻ സ്കൂളിലേക്ക് ഏതാനും അദ്ധ്യാപകർക്ക് ഒ.ഡി.ഇ.പി.സി. വഴി നിയമനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ നാലു വർഷ കാലയളവിൽ ഒഡെപെക് മുഖേന എത്ര പേർക്ക് തൊഴിൽ നേടിക്കൊടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) | 1390 പേർക്ക് |
| (സി) | കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് വിദേശതൊഴിൽ നേടിക്കൊടുക്കുന്നതിനായി നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുമോ; | (സി) | കൂടുതൽ തൊഴിൽ അവസരങ്ങൾ നേടിയെടുക്കുന്നതിന്റെ ഭാഗമായി പുതിയ തൊഴിൽ ദാതാക്കളെ കണ്ടെത്തുവാൻ ഇന്ത്യൻ സ്ഥാനപതി കാര്യാലയങ്ങൾക്ക് നിരവധി കത്തുകൾ എഴുതിയിട്ടുണ്ട്. സർക്കാർ റിക്രൂട്ട്മെന്റ് സ്ഥാപനമായ ഒ.ഡി.ഇ.പി.സി. വഴി റിക്രൂട്ട്മെന്റ് നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര പ്രവാസി വകുപ്പിനോട് അഭ്യർത്ഥിച്ചുകൊണ്ടും കത്തെഴുതിയിട്ടുണ്ട്. ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിയെ നേരിട്ടു കണ്ട് അഭ്യർത്ഥിയ്ക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വിദേശതൊഴിൽ നേടുന്നതിൽ ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിന് എന്തെങ്കിലും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ; | (ഡി) | ഇല്ല |
| (ഇ) | ഒഡെപെക് ട്രാവൽ ഡിവിഷന്റെ പ്രവർത്തനം ലാഭകരമാണോ എന്ന് വ്യക്തമാക്കുമോ ? | (ഇ) | ലാഭകരമായി നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 287 12.07.2010-ൽ മറുപടിയ്ക്ക്

## "കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന കർമ്മ പദ്ധതികൾ "

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി. അനിൽകുമാർ:<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ:<br>ശ്രീ.എൻ.ശക്തൻ:<br>ശ്രീ.കെ.സി.ജോസഫ്: | ശ്രീ.മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്തെ കാർഷിക മേഖലയ്ക്ക് കൂടുതൽ ഊർജ്ജം പകരാനായി ആധുനിക യന്ത്രോപകരണങ്ങൾ ഉപയോഗിക്കുന്നതിനും ആധുനിക കൃഷി ഉപാധികൾ സ്വീകരിക്കുന്നതിനും എന്തൊക്കെ പ്രവർത്തന ങ്ങൾക്കാണ് നേതൃത്വം നൽകുന്നതെന്ന് വ്യക്തമാക്കാമോ; | എ) സംസ്ഥാനത്തെ കാർഷിക മേഖലയ്ക്ക് കൂടുതൽ ഊർജ്ജം പകരാനായി ആധുനിക യന്ത്രോപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന് ആവശ്യമായ പരിശീലനം കർഷകർ, കർഷക തൊഴിലാളികൾ, കാർഷിക മേഖലയിൽ താൽപ്പര്യമുള്ള ചെറുപ്പക്കാർ എന്നിവർക്ക് എല്ലാ ജില്ലകളിലും നൽകുവാൻ പദ്ധതിയുണ്ട്. ഇവർക്ക് ട്രാക്ടറും മറ്റും ഉപയോഗിക്കുന്നതിന് ആവശ്യമായ ലൈസൻസും അതാത് ആർ.റ്റി.ഒ. ഓഫീസുവഴി ലഭ്യമാക്കുന്നതുമാണ്. ഇവരുടെ സേവനം കൃഷി വകു പ്പിലേയും ത്രിതല പഞ്ചായത്തിലെയും കാർഷിക യന്ത്രോപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ഉപയോഗിക്കുന്നതും ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുന്ന വേതനം നൽകുന്നതുമാണ്. എല്ലാ |

| | |
|---|---|
| | ജില്ലകളിലും ഇതുപോലുള്ളവരുടെ സേവനം ലഭ്യമാക്കുവാൻ പദ്ധതിയുണ്ട്. ഇതിനായി ഈ വർഷം 150 ലക്ഷം രൂപാ വക കൊള്ളിച്ചിട്ടുണ്ട്.<br><br>കൂടാതെ അപ്‌ലാൻഡ് / ഗാർഡൻ ലാന്റ് (കരകൃഷി) കൃഷിക്ക് വേണ്ടി കേരളത്തിന് അനുയോജ്യമായ നൂതന കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുവാനും ആയത് ജില്ലകളിലെ കൃഷി ഇഞ്ചിനീയറിംഗ് ഓഫീസുകളിൽ സൂക്ഷിക്കുന്നതും , കർഷകരുടെ ആവശ്യാനുസരണം പരിശീലനം ലഭിച്ചിട്ടുള്ള തൊഴിലാളികൾ വഴി ഉപയോഗപ്രദമാക്കുന്നതുമാണ്. ഇതിന്റെ വാടകയും തൊഴിലാളികളുടെ വേതനവും ജില്ലാ പഞ്ചായത്ത് കമ്മറ്റി നിർണ്ണയിക്കുന്നതും, ആയത് ഇതിന്റെ വരുമാനത്തിൽ നിന്നും കൊടുക്കുന്നതുമാണ്. ഇതിനായി ഈ വർഷം 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>കുട്ടനാട്ടിലുള്ള എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും കർഷകർ, കർഷക തൊഴിലാളികൾ, കാർഷിക മേഖലയിൽ താൽപ്പര്യമുള്ള തൊഴിൽരഹിതർ എന്നിവർക്ക് നൂതന യന്ത്രോപകരണങ്ങളുടെ കേടുപാടുകൾ തീർക്കുവാനും ഉപയോഗപ്രദമാക്കുവാനും ആവശ്യമായ പരിശീലനത്തിനുമുള്ള പദ്ധതി അംഗീ |

| | |
|---|---|
| | കരിച്ചിട്ടുണ്ട്. ഈ പദ്ധതി മൂന്ന് വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.<br><br>സംസ്ഥാനത്തെ കാർഷിക മേഖലയ്ക്ക് കൂടുതൽ ഊർജ്ജം പകരാനായി ആധുനിക യന്ത്രോപകരണങ്ങൾ ഉപയോഗിക്കുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ കസ്റ്റം ഹയറിംഗ് സെന്ററുകൾ ആരംഭിച്ചു. ആദ്യപടിയായി തിരുവല്ല, വൈക്കം, തൃശ്ശൂർ, പാലക്കാട് യൂണിറ്റുകൾ വഴി കമ്പയിൻ ഹാർവസ്റ്ററുകൾ മിതമായ വാടക നിരക്കിൽ കർഷകർക്ക് നേരിട്ടു ലഭ്യമാക്കിയതിന്റെ ഫലമായി നെൽ കൃഷി മേഖലയിലെ കൊയ്ത്ത് സംബന്ധമായ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞു. ട്രാക്ടർ, പവർ ടില്ലർ, നടീൽ യന്ത്രം മുതലായവയുടെ കസ്റ്റം ഹയറിംഗ് സെന്ററുകൾ തിരുവനന്തപുരം, അമ്പലപ്പുഴ, തിരുവല്ല യൂണിറ്റുകളിൽ ആരംഭിച്ചു. കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കാംകോ ഇപ്പോൾ 9-12 കുതിര ശക്തിയിലുള്ള 2 മോഡൽ പവർ ടില്ലറുകളും കൊയത്തു യന്ത്രമായ പവർ റീപ്പറും ഉൽപ്പാദിപ്പിക്കുന്നുണ്ട്. കൂടാതെ വീടുകളിലും ചെറിയ കൃഷി സ്ഥലങ്ങളിലും പച്ചക്കറി കൃഷിക്ക് നിലം ഒരുക്കുന്നതിന് ഉടമസ്ഥർക്കുതന്നെ സ്വയം |

| | |
|---|---|
| | പ്രവർത്തിപ്പിക്കാവുന്ന ഗാർഡൻ ടില്ലറും കമ്പനി പുറത്തിറക്കുന്നുണ്ട്. കാർഷിക യന്ത്രവൽക്കരണത്തിന്റെ ഭാഗമായിത്തന്നെ കാംകൊ 18 കുതിര ശക്തിയുള്ള ട്രാക്ടർ നിർമ്മിക്കുവാൻ പദ്ധതിയിട്ടിട്ടുണ്ട്. |
| ബി) ഈ രംഗത്ത് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഈ വർഷം നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന കർമ്മ പദ്ധതികൾ എന്തൊക്കെയാണ്; | ബി) ഈ വർഷം തൃശ്ശൂർ കോൾനിലങ്ങളിലേയ്ക്ക് കമ്പയിൻ ഹാർവസ്റ്റർ - 7 എണ്ണം, പവർ ടില്ലർ 14 എണ്ണം, നടീൽ യന്ത്രം - 7 എണ്ണം അടങ്ങിയ കസ്റ്റം ഹയറിംഗ് സെന്റർ ആരംഭിക്കും. കൂടാതെ കുട്ടനാട് പാക്കേജ് അനുസരിച്ച് 50 കമ്പയിൻ ഹാർവസ്റ്റർ, 50 ട്രാക്ടറുകൾ, 50 ടില്ലറുകൾ അടങ്ങിയ കസ്റ്റം ഹയറിംഗ് സെന്റർ തുടങ്ങുന്നതാണ്. ആധുനിക കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ജില്ലാ വർക്ക്ഷോപ്പുകൾ നവീകരിക്കുന്നു. ആധുനിക യന്ത്രങ്ങളുടെ പ്രവർത്തന പരിശീലനത്തിനായി ട്രയിനിംഗ് സെന്റർ തുടങ്ങുന്നു. |
| സി) കർഷകർ അവരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിന് കോർപ്പറേഷന്റെ കീഴിൽ ആരംഭിച്ച അഗ്രോ സൂപ്പർ ബസാറിന്റെ പ്രവർത്തനത്തിലൂടെ സാദ്ധ്യമാകുമോയെന്ന് വ്യക്തമാക്കാമോ; | സി) കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുക, ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് ലഭ്യമാക്കുക എന്നതാണ് അഗ്രോ സൂപ്പർ ബസാർ വഴി ഉദ്ദേശിക്കുന്നത്. |

| | |
|---|---|
| ഡി) ഇത്തരം ബസാറുകൾ സംസ്ഥാനത്ത് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും തുടങ്ങണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; | ഡി) ഇത്തരം ബസാറുകൾ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഘട്ടംഘട്ടമായി തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്. |
| ഇ) കാർഷിക മേഖലക്കാവശ്യമായ എന്തൊക്കെ പുതിയ യന്ത്രങ്ങൾ ഈ വർഷം വിപണിയിലെത്തിക്കാൻ കോർപ്പറേഷന് സാധിക്കുമെന്ന് വെളിപ്പെടുത്തുമോ? | ഇ) കർഷകർക്ക് ആവശ്യമായ ഗാർഡൻ ടില്ലർ, മിനി ട്രാക്ടർ എന്നിവ വിപണിയിൽ എത്തിക്കുന്നുണ്ട്. ഇത് കൂടാതെ എല്ലാവിധ ആധുനിക യന്ത്രങ്ങളും അഗ്രോ സൂപ്പർ ബസാർ വഴി ലഭ്യമാണ്. ജില്ലാ യൂണിറ്റുകൾ മുഖാന്തിരം കർഷകർക്ക് ഈ യന്ത്രങ്ങളെക്കുറിച്ച് പരിശീലനം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

15 -ാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 288</u>

<u>12.07.2010 - ൽ മറുപടിയ്ക്ക്</u>

<u>അവശ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ<br>ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും<br>വകുപ്പു മന്ത്രി) |
| (എ) ആവശ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് ഈ സർക്കാർ വന്ന ശേഷം സഹകരണവകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) വിലക്കയറ്റം തടയുന്നതിന് ഈ സർക്കാർ വന്ന ശേഷം സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർ ഫെഡറേഷൻ മുഖേന ഉത്സവകാലങ്ങളിൽ ഫെഡറേഷന്റെ സ്വന്തം യൂണിറ്റുകളിലൂടെയും സഹകരണ സംഘങ്ങളിലൂടെയും പ്രത്യേക വിപണന കേന്ദ്രങ്ങളിലൂടെയും ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ മാർക്കറ്റ് വിലയേക്കാൾ 20% മുതൽ 60% വരെ വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. വിലക്കയറ്റ വിരുദ്ധ വിപണന കേന്ദ്രങ്ങളിലൂടെ ഉപഭോക്താക്കൾക്ക് 240.67 കോടി രൂപയുടെ സബ്സിഡി ആനുകൂല്യം നേരിട്ട് നൽകി. സർക്കാരിന്റെ ഈ നടപടി പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിലും ഉപഭോക്താക്കൾക്ക് വിലക്കുറവിൽ സാധനങ്ങൾ ലഭ്യമാക്കുന്നതിനും സഹായകമായിട്ടുണ്ട്. |
| (ബി) എത്ര വിലക്കയറ്റ നിയന്ത്രണ ചന്തകൾ നടത്തി എന്ന് വെളിപ്പെടുത്തുമോ; | (ബി) 45335 വിലക്കയറ്റ നിയന്ത്രണ ചന്തകൾ നടത്തി |
| (സി) എത്ര രൂപയുടെ സാധനങ്ങൾ ഈ ചന്തകളിലൂടെ വിതരണം ചെയ്തു; | (സി) 761.90 കോടി രൂപയുടെ സബ്സിഡി സാധനങ്ങൾ ഈ ചന്തകളിലൂടെ വിതരണം ചെയ്തു |
| (ഡി) ഇതിന്റെ ഫലമായി എത്ര കോടി രൂപയുടെ സാമ്പത്തിക നേട്ടം പൊതുജനങ്ങൾക്കുണ്ടായിട്ടുണ്ട്; | (ഡി) ഇതിന്റെ ഫലമായി 240.67 കോടി രൂപയുടെ സാമ്പത്തിക നേട്ടം പൊതുജനങ്ങൾക്കുണ്ടായിട്ടുണ്ട് എന്ന് അനുമാനിക്കുന്നു. |

| | |
|---|---|
| ഇ) ഈ സർക്കാർ കൺസ്യൂമർ ഫെഡിന്റെ കീഴിൽ എത്ര ത്രിവേണി സ്റ്റോറുകൾ ആരംഭിച്ചു; ഇപ്പോൾ എത്ര ത്രിവേണി സ്റ്റോറുകൾ നിലവിലുണ്ട് എന്ന് അറിയിക്കുമോ; | (ഇ) ഈ സർക്കാർ കൺസ്യൂമർ ഫെഡിന്റെ കീഴിൽ 58 ത്രിവേണി സ്റ്റോറുകൾ ആരംഭിച്ചു. ഇപ്പോൾ 118 ത്രിവേണി സ്റ്റോറുകൾ നിലവിലുണ്ട് |
| (എഫ്)അടുത്ത ഓണക്കാലത്ത് വിലക്കയറ്റം തടയുന്നതിനായി സഹകരണ വകുപ്പ് വിലക്കയറ്റ വിരുദ്ധചന്തകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (എഫ് ഉദ്ദേശിക്കുന്നുണ്ട്. ഓണം-റംസാൻ കാലത്ത് അഞ്ച് ഘട്ടങ്ങളിലായി 75 ദിവസം നീണ്ടു നിൽക്കുന്ന ഓണം - റംസാൻ വിപണികൾ ആരംഭിക്കുന്നതിനുള്ള പ്രോജക്റ്റ് അംഗീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 289 — 12.07.2010 ൽ മറുപടിയ്ക്ക്

## സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻെറ ആഭിമുഖ്യത്തിൽ വഴിവിളക്കുകളുടെ ഊർജ്ജ സംരക്ഷണത്തിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ജെ. ജേക്കബ്<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. വി. എൻ. വാസവൻ | ശ്രീ. എ. കെ. ബാലൻ<br>(പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻെറ ആഭിമുഖ്യത്തിൽ നടന്നുവരുന്ന ഊർജ്ജ സംരക്ഷണ പരിപാടികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; | (എ) അനെർട്ടിൻെറ ആഭിമുഖ്യത്തിൽ ഊർജ്ജ സംരക്ഷണം ലക്ഷ്യമിട്ട് ദക്ഷതയേറിയ ഉപകരണങ്ങളുടെ വിതരണം, ടൂറിസം സ്ഥാപനങ്ങൾ, ആശുപത്രികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങൾ എന്നിവയുടെ ഊർജ്ജ ഓഡിറ്റ്, അടുപ്പുകൾ, വഴിവിളക്കുകളുടെ ഊർജ്ജ ലാഭത്തിനായി പദ്ധതികൾ, ജൈവഗ്യാസിഫയറുകളുടെ സ്ഥാപനം എന്നിവ ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) സമ്പൂർണ്ണ സുരക്ഷാമിഷൻെറ ആഭിമുഖ്യത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പര്യവേക്ഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) ഉണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നടത്തിപ്പിനായി 13 ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട 867 സൈറ്റുകൾ പ്രാഥമിക പര്യവേഷണം നടത്തിയിട്ടുണ്ട്. |
| (സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സുരക്ഷാമിഷനും തമ്മിലുള്ള ചുമതലാവിഭജനം എങ്ങനെയാണ്; | (സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, സുരക്ഷാമിഷനും തമ്മിലുള്ള ചുമതലാ വിഭജനം താഴെ പറയും പ്രകാരമാണ്.<br>**തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ**<br>1. പ്രാദേശിക വിഭവ ലഭ്യത<br>2. പ്രാദേശിക സംഘാടനം<br>3. പ്രാദേശിക മനുഷ്യ വിഭവശേഷി |

(ഡി) മിഷന്റെ ആഭിമുഖ്യത്തിൽ വഴിവിളക്കുകളുടെ ഊർജ്ജ സംരക്ഷണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

**അനെർട്ടിന്റെ ചുമതലകൾ**

1. സാങ്കേതിക വിഭവ ലഭ്യത
2. സാങ്കേതിക നിർവ്വഹണം
3. സാങ്കേതിക മാനവ വിഭവശേഷി
4. പദ്ധതി പ്രവർത്തനങ്ങളുടെ ഏകോപനം

(ഡി) ഉണ്ട്. വഴിവിളക്കുകളുടെ ഊർജ്ജ സംരക്ഷണത്തിന് മെച്ചപ്പെട്ട ഉപകരണങ്ങൾ ഉപയോഗിച്ച് നിലവിലുള്ള വഴിവിളക്കുകളുടെ ഊർജ്ജ ഉപയോഗം കുറയ്ക്കാനും, വഴിവിളക്കുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായം നൽകാനും ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയാണിത്. ഇതുവഴി മേൽത്തരം എൽ.ഇ.ഡി. അടക്കമുള്ള വിളക്കുകൾ സ്ഥാപിക്കാനും ഊർജ്ജ ഉപഭോഗം കുറയ്ക്കാനും മെച്ചപ്പെട്ട പ്രകാശം ലഭ്യമാക്കാനും ലക്ഷ്യമിടുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.290 — 12.7.2010- ൽ മറുപടിയ്ക്ക്

നാളികേരത്തിന് ന്യായവില

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അൽഫോൺസ് കണ്ണന്താനം :<br>ശ്രീ.പി.വിശ്വൻ :<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി :<br>പ്രൊഫ.സി.രവീന്ദ്രനാഥ് : | | ശ്രീ.മുല്ലക്കര രത്നാകരൻ<br>(ബഹു.കൃഷി വകുപ്പുമന്ത്രി) |
| എ) | നാളികേരത്തിന് ന്യായവില ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | എ) | നാളികേരത്തിന് ന്യായവില ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ കൊപ്രയ്ക്ക് താങ്ങുവില പ്രഖ്യാപിക്കുകയും പ്രസ്തുത താങ്ങുവിലയ്ക്ക് ആനുപാതികമായ വിലയ്ക്ക് പച്ചത്തേങ്ങ വിവിധ സർക്കാർ ഏജൻസികൾ മുഖേന കർഷകരിൽ നിന്നും സംഭരിക്കാറുണ്ട്. |
| ബി) | ഏതെല്ലാം ഏജൻസികൾ മുഖേനയാണ് പച്ചത്തേങ്ങ സംഭരിച്ചത് ; | ബി) | നാഫെഡിന്റെ നോഡൽ ഏജൻസികളായ കേരഫെഡ്, കൺസ്യൂമർ ഫെഡ് എന്നിവർ മുഖേന പച്ചത്തേങ്ങ കർഷകരിൽ നിന്നും സംഭരിച്ചുവരുന്നു. |
| സി) | പച്ചത്തേങ്ങ എത്ര രൂപവച്ചാണ് സംഭരിച്ചത് ; | സി) | പൊതിച്ച് പൊട്ടിക്കാത്ത നാളികേരത്തിന് കിലോയ്ക്ക് 12 രൂപ നിരക്കിലും പൊട്ടിച്ച നാളികേരത്തിന് കിലോയ്ക്ക് 14 രൂപ നിരക്കിലും പച്ചത്തേങ്ങ കർഷകരിൽ നിന്നും സംഭരിക്കുന്നുണ്ട്. |
| ഡി) | കൺസ്യൂമർ ഫെഡിൽ നിന്നും നാഫെഡ് എത്ര ക്വിന്റൽ കൊപ്ര കഴിഞ്ഞ വർഷം സംഭരിച്ചു എന്ന് വെളിപ്പെടുത്തുമോ ; | ഡി) | കഴിഞ്ഞ വർഷം കൺസ്യൂമർ ഫെഡ് കൊപ്ര സംഭരണത്തിന്റെ നോഡൽ ഏജൻസി ആയിരുന്നില്ല. ഈ വർഷം (2010-11)ൽ 29.6.10 വരെ 1981.70 ടൺ കൊപ്ര കൺസ്യൂമർഫെഡ് സംഭരിച്ചിട്ടുണ്ട് |

| | |
|---|---|
| ഇ) ഈ വർഷം പച്ചത്തേങ്ങയുടേയും കൊപ്രയുടേയും സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ? | ഇ) കേരളത്തിലെ നാളികേര കർഷകരെ വിലയിടിവിൽ നിന്നും രക്ഷിക്കുന്നതിന് നാഫെഡിന്റെ മേൽനോട്ടത്തിൽ കേന്ദ്ര സർക്കാർ അതാത് സീസണിൽ പ്രഖ്യാപിക്കുന്ന താങ്ങുവിലയനുസരിച്ച് മാർക്കറ്റ്ഫെഡ്, കൺസ്യൂമർഫെഡ്, കേരഫെഡ് എന്നിവർ മുഖേന കൊപ്ര സംഭരിക്കുന്നുണ്ട്. 2010 വർഷത്തിൽ മില്ലിംഗ് കൊപ്രയുടെ താങ്ങുവില ക്വിന്റലിന് 4450രൂപയും ഉണ്ടകൊപ്രയ്ക്ക് ക്വിന്റലിന് 4700 രൂപയും താങ്ങുവിലയായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനു പുറമെ കൊപ്രയ്ക്ക് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവിലയ്ക്ക് ആനുപാതികമായ വിലയ്ക്ക് പച്ചത്തേങ്ങ കൺസ്യൂമർഫെഡ്, കേരഫെഡ് എന്നിവർ മുഖേന കർഷകരിൽ നിന്നും സംഭരിക്കുന്നുണ്ട്. പൊതിച്ച പൊട്ടിക്കാത്ത നാളികേരത്തിന് കിലോയ്ക്ക് 12 രൂപ നിരക്കിലും പൊട്ടിച്ച നാളികേരത്തിന് കിലോയ്ക്ക് 14 രൂപ നിരക്കിലും പച്ചത്തേങ്ങ കർഷകരിൽ നിന്നും സംഭരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 291 — 12.07.2010-ൽ മറുപടിക്ക്

**പെരിഷബിൾ കാർഗോ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. കാർത്തികേയൻ:<br>ശ്രീ. കെ. ബാബു:<br>ശ്രീ. വി.ഡി. സതീശൻ:<br>ശ്രീ. എ.എ.ഷുക്കൂർ: | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പെരിഷബിൾ കാർഗോ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) | അഗ്രികൾച്ചറൽ ആന്റ് പ്രോസസ്ഡ് ഫുഡ് പ്രോഡക്ട്സ് എക്സ്പോർട്ട് ഡവലപ്മെന്റ് അതോറിറ്റി, ദേശീയ ഹോർട്ടികൾച്ചർ മിഷൻ, കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് എന്നിവയുടെ ധന സഹായത്തോടെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ പഴം-പച്ചക്കറി ഉത്പന്നങ്ങൾ കേടുകൂടാതെ കൈകാര്യം ചെയ്യുന്ന പെരിഷബിൾ കാർഗോ കേന്ദ്രവും ഇതോടനുബന്ധിച്ചുള്ള പശ്ചാത്തല സൗകര്യങ്ങളും നിർമ്മിച്ചുവരികയാണ്. |
| (ബി) | കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ പെരിഷബിൾ കാർഗോ കേന്ദ്രത്തിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; | (ബി) | പെരിഷബിൾ കാർഗോ കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു. ഇതോടനുബന്ധിച്ചുള്ള പശ്ചാത്തല സൗകര്യ വികസനത്തിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. 2010 അവസാനത്തോടു കൂടി പൂർത്തീകരിക്കുന്നതാണ്. |
| (സി) | ഈ കേന്ദ്രത്തിൽ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വെളിപ്പെടുത്താമോ ; | (സി) | ഗ്രേഡിംഗ്, സോർട്ടിംഗ് യൂണിറ്റുകൾ, പാക്ക് ഹൗസുകൾ, ശീതീകരണ ശാലകൾ, വ്യോമ മാർഗ്ഗത്തിലൂടെയുള്ള ചരക്കു ഗതാഗതം വർദ്ധിപ്പിക്കുന്നതിനായി ചരക്കു വിമാനങ്ങളുടെ വരവ് |

| | | | |
|---|---|---|---|
| | | | സുഗമമാക്കാൻ ശീതീകരണ സംവിധാനത്തോട് ചേർന്ന് അവയുടെ പാർക്കിങ്ങിനായി മാത്രം ഒരു പാർക്കിങ് ബേ, കർഷകരുടെ ഉന്നമനത്തിന് സാങ്കേതിക നിർദ്ദേശ കേന്ദ്രം, വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഏകജാലക കസ്റ്റംസ് ക്ലിയറൻസ്, ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ, ഉയർന്ന റെസല്യൂഷനിലുള്ള എക്സ്-റേ മെഷീൻ, പ്ലാന്റ് ക്വാറന്റൈൻ സ്റ്റേഷൻ, എക്സ്ട്രാ ഹൈടെൻഷൻ സബ്സ്റ്റേഷൻ എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ഡി) | ഈ കേന്ദ്രത്തിന്റെ നിർമ്മാണത്തിന് ഏതൊക്കെ കേന്ദ്ര ഏജൻസികളുടെ സഹായ സഹകരണങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | അഗ്രികൾച്ചറൽ ആന്റ് പ്രോസസ്ഡ് ഫുഡ് പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി, ദേശീയ ഹോർട്ടികൾച്ചർ മിഷൻ, കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് എന്നീ കേന്ദ്ര ഏജൻസികളുടെ സഹായത്തോടെയാണ് ഈ കേന്ദ്രം നിർമ്മിക്കുന്നത്. |
| (ഇ) | ഇതിന്റെ നിർമ്മാണത്തിന് എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു ; | (ഇ) | ഇതിന്റെ നിർമ്മാണത്തിന് 53.36 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. |
| (എഫ്) | സംസ്ഥാനത്തെ മറ്റേതൊക്കെ വിമാനത്താവളങ്ങളിൽ ഇത്തരം കേന്ദ്രങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ? | (എഫ്) | ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 292.　　　　12.07.2010-ൽ മറുപടിക്ക്

### തൊഴിൽ നിയമങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.കെ. ദിവാകരൻ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. പി. വിശ്വൻ<br>ശ്രീ.എ.എം.യൂസഫ് | | ശ്രീ. പി. കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ തൊഴിൽ ശാലകളിൽ തൊഴിൽ നിയമങ്ങൾ ശരിയായി പാലിക്കപ്പെടുന്നുണ്ടോ എന്ന് തൊഴിൽവകുപ്പ് പരിശോധിക്കാറുണ്ടോ; | (എ) | ഉണ്ട്. |
| (ബി) ഇതിനായി ജില്ലാതല അവലോകനത്തിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. ജില്ലാലേബർഓഫീസർമാർ ജില്ലാതലത്തിൽ അവലോകന യോഗങ്ങൾ നടത്തി നടപടികൾ വിലയിരുത്തുന്ന സംവിധാനം തൊഴിൽ വകുപ്പിൽ ഉണ്ട്. തൊഴിൽ തർക്കവിഷയങ്ങൾ, ഗ്രാറ്റുവിറ്റി അപേക്ഷകൾ തുടങ്ങിയവയും ഫാക്ടറികളുടെ കാര്യത്തിൽ മിനിമം കൂലി നിയമം , ദേശീയ ഉത്സവഅവധി നിയമം, കാഷ്വൽ, ടെമ്പററി ആന്റ് ബദലി വർക്കേഴ്സ് നിയമം എന്നീ 3 നിയമങ്ങൾ പ്രകാരമുള്ള പരിശോധനകളും അവലോകനം ചെയ്യുന്നുണ്ട്. |
| (സി) സംസ്ഥാനത്ത് എത്ര ലേബർ കോടതികളും വ്യവസായ ട്രിബ്യൂണലുകളും പ്രവർത്തിക്കുന്നുണ്ട്; | (സി) | സംസ്ഥാനത്ത് നാല് ലേബർ കോടതികളും അഞ്ച് വ്യവസായ ട്രൈബ്യൂണലുകളും പ്രവർത്തിക്കു ന്നുണ്ട്. |

| | |
|---|---|
| (ഡി) വർക്ക്മെൻ കോമ്പൻസേഷൻ കോടതികൾ മുഖേന തൊഴിലാളികൾക്ക് നഷ്ടപരിഹാരത്തുക വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 293 — 12.07.2010-ലെ മറുപടിക്ക്.

## കൈത്തറി തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷുറൻസ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എൻ. രാജൻ;<br>ശ്രീ. വി.എസ്. സുനിൽ കുമാർ;<br>ശ്രീ. പള്ളിപ്രം ബാലൻ;<br>ശ്രീമതി. ഇ.എസ്. ബിജി മോൾ | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ കൈത്തറി തൊഴിലാളികളെ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പ്രയോജനം എത്ര കൈത്തറി തൊഴിലാളി കുടുംബങ്ങൾക്ക് ലഭിക്കും; | (എ) തീരുമാനിച്ചിട്ടുണ്ട്. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി പദ്ധതി പെൻഷൻകാർക്കും, പദ്ധതി അംഗങ്ങൾക്കും ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ പ്രയോജനം ലഭിക്കും. ക്ഷേമനിധി ബോർഡിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ആദ്യ ലിസ്റ്റിൽ 8951 കുടുംബങ്ങളാണ് ഉൾക്കൊണ്ടിട്ടുള്ളത്. |
| (ബി) ഈ പദ്ധതിയിലൂടെ ഇവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം | (ബി) സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിലൂടെ ഒരു കുടുംബത്തിന് 30,000 രൂപയുടെ വരെ ചികിത്സാ സൗജന്യം, പദ്ധതി നടപ്പിലാക്കുന്ന മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ-സ്വകാര്യ-സഹകരണ ആശുപത്രികളിൽ നിന്നും ലഭിക്കും. കൂടാതെ ഗൃഹനാഥനോ/നാഥക്കോ അപകടമരണമുണ്ടായാൽ ആശ്രിതന് 50,000 രൂപയും ഗുരുതരമായി പൊള്ളലേൽ |

| | |
|---|---|
| | ക്കുന്ന ഗൃഹനാഥനോ/നാഥയ്ക്കോ 50,000 രൂപയും ഇൻഷുറൻസ് കമ്പനി നൽകും. |
| (സി) ഈ പദ്ധതിയിൽ ഇവർക്ക് അംഗത്വം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) ക്ഷേമനിധി പെൻഷൻകാർക്കും ക്ഷേമനിധി അംഗങ്ങൾക്കും പദ്ധതിയിൽ അംഗത്വം നൽകും. ഏതു പ്രായത്തിലുള്ളവർക്കും അംഗത്വം നൽകും. നിലവിൽ അസുഖങ്ങളുണ്ടെങ്കിലും പദ്ധതിയുടെ ഭാഗമാകാം. അംഗത്വം നൽകുന്നതിന് മറ്റു മാനദണ്ഡങ്ങളൊന്നും സർക്കാർ നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:294 12.07.2010 ൽ മറുപടിയ്ക്ക്**

**സെക്ഷൻ ഓഫീസുകളെ മോഡൽ സെക്ഷൻ ആക്കി മാറ്റുന്നതിനായി വൈദ്യുതി ബോർഡ് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. അടൂർ പ്രകാശ്<br>,, എ.പി. അബ്ദുള്ളക്കുട്ടി<br>,, എൻ. ശക്തൻ | ശ്രീ. എ.കെ. ബാലൻ<br>(പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി). |
| എ) സംസ്ഥാന വൈദ്യുതി ബോർഡ്, ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി, എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ; | എ) സർവ്വീസ് കണക്ഷൻ നടപടിക്രമങ്ങൾ ലഘൂകരിച്ചു. 56 പേജുണ്ടായിരുന്ന സർവ്വീസ് കണക്ഷൻ അപേക്ഷാഫാറം ചുരുക്കി 2 പേജ് മാത്രമാക്കി. പുതിയ സർവ്വീസ് കണക്ഷൻ അപേക്ഷയോടൊപ്പം ഒടുക്കേണ്ട കരുതൽ തുക സംസ്ഥാന വ്യാപകമായി ഏകീകരിച്ചു, എൽ.റ്റി. സർവ്വീസ് കണക്ഷൻ അപേക്ഷകർ മുദ്ര പത്രത്തിൽ ഉടമ്പടി വയ്ക്കണമെന്ന നിബന്ധന ഒഴിവാക്കി. പോസ്റ്റ് ആവശ്യമില്ലാത്ത സർവ്വീസ് കണക്ഷൻ അപേക്ഷയോടൊപ്പം തന്നെ അപേക്ഷാഫീസ്, കരുതൽ തുക OYEC എന്നിവ അടയ്ക്കാനുള്ള അവസരം നല്കി. ഈ കണക്ഷനുകൾ അപേക്ഷ ലഭിച്ച് 48 മണിക്കൂറിനുള്ളിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പുതുതായി 5 ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസുകളും, 4 സബ്ഡിവിഷൻ ഓഫീസുകളും, 62 സെക്ഷൻ ഓഫീസുകളും അനുവദിച്ചു. 2008 - 2009 മുതലുള്ള പദ്ധതികൾ ആസൂത്രണ വികേന്ദ്രീകരണ പ്രവർത്തനം വഴി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ 40 നിയോജക മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കി. 23 നിയോജക മണ്ഡലങ്ങളിൽ പ്രവർത്തനം പുരോഗമിച്ചു വരുന്നു. 65 നിയോജക മണ്ഡലങ്ങളിൽ പ്രാരംഭ നടപടികൾ പുരോഗമിച്ചു വരുന്നു. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും വൈദ്യുത വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനുമായുള്ള ജോലികൾ മുൻഗണനാ ക്രമത്തിൽ ഏറ്റെടുത്തു പൂർത്തിയാക്കാൻ തീരുമാനിച്ചു. ചില സാധന സാമഗ്രികളുടെ ദൗർലഭ്യം കാരണം മുൻകൂട്ടി രജിസ്റ്റർ ചെയ്ത ജോലികൾ പൂർത്തി |

യാക്കാത്തതിനാൽ മററു ജോലികളും ഏറ്റെടുക്കാൻ സാധിക്കാത്ത സാഹചര്യം ഒഴിവാക്കാനായി പ്രസ്തുത ജോലികളെ പല തായി തരംതിരിച്ച് പ്രത്യേകം പ്രത്യേകം മുൻ ഗണനാപട്ടിക തയ്യാറാക്കി. 150 ൽ താഴെ വോൾട്ടേജ് ഉള്ള പ്രദേശങ്ങളിലുള്ള വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവർത്തികൾക്ക് സാധാരണ മുൻഗണന മറികടന്നു കൊണ്ടുള്ള പരിഗണന നൽകാൻ ഡെപ്യൂട്ടി ചീഫ് എൻജിനീയർമാരെ ചുമതലപ്പെടുത്തി. ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നതിനും വൈദ്യുതി തകരാറുകൾ വേഗത്തിൽ പരിഹരി ക്കുന്നതിനുമായി 230 സെക്ഷൻ ഓഫീസുകൾ മാതൃകാ സെക്ഷനുകളാക്കി മാററി. ഒരു കെട്ടിടത്തിൽ പ്രത്യേക കെട്ടിട നമ്പർ ഇല്ലാതെ തന്നെ വിഭിന്നമായ ആവശ്യങ്ങൾക്കായി എച്ച്.ററി./എൽ.ററി ഉൾപ്പെടെ പ്രത്യേകം പ്രത്യേകം കണക്ഷനുകൾ അനുവദിക്കാൻ തീരുമാനിച്ചു. ഒരു കെട്ടിട നമ്പറിൽതന്നെ ഒന്നിൽകൂടുതൽ ഗാർഹിക കണക്ഷനു കളും നല്കുന്നതാണ്. വൈദ്യുതി കണക്ഷൻ ലഭിക്കാനാവശ്യമായ വൈദ്യുത ലൈനുകളും പ്ലാന്റുകളും ഉപഭോക്താക്കൾ നേരിട്ട് നിർമ്മിച്ചു നല്കാൻ അനുവദിച്ചു. ഉപഭോക്താക്കളുടെ പരാതി പരിഹരിക്കാൻ 2009 ഫെബ്രുവരി മാസത്തിൽ വൈദ്യുതി അദാലത്തും, ഒക്ടോബർ മാസത്തിൽ വോൾട്ടേജ് അദാലത്തും നടത്തുകയുണ്ടായി. ജൂലൈ 2010ൽ റവന്യൂ അദാലത്ത് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ സെക്ഷനോ ഫീസുകളും കമ്പ്യൂട്ടർവല്ക്കരിച്ചു.

| | | | |
|---|---|---|---|
| ബി) | വൈദ്യുതി വകുപ്പിന്റെ കീഴിലുള്ള സെക്ഷൻ ഓഫീസുകളെ, മോഡൽ സെക്ഷൻ ആക്കി മാററുന്നതിനായി എന്തൊക്കെ പരിഷ്ക്കാരങ്ങളാണ് നടപ്പാക്കുന്നത്; | ബി) | വൈദ്യുതി തകരാറുകൾ ഉണ്ടായാൽ അവ വളരെ വേഗം പരിഹരിക്കുന്നതിനും, വൈദ്യുതി തകരാറുകൾ ഉണ്ടാവുന്നത് തടയുകയും ചെയ്യുന്ന രീതിയിൽ ജോലി ക്രമപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാരെ മോഡൽ സെക്ഷനിൽ പുനർ വിന്യസിച്ചിട്ടുണ്ട്. ഉപഭോക്താക്കളോടുള്ള പെരുമാററ രീതികൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയും ജോലി സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയും ജീവനക്കാർക്ക് പരിശീലന പരിപാടികൾ വിപുലമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. മോഡൽ സെക്ഷൻ പരിധിയിലുള്ള എല്ലാ പ്രദേശങ്ങളിലും ആവശ്യമായ വോൾട്ടേജിൽ വൈദ്യുതി എത്തിക്കുന്ന തിനുള്ള നടപടികൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| | | | ഉപഭോക്തൃ സംതൃപ്തി ലക്ഷ്യംവയ്ക്കുന്ന അന്വേഷണ വിഭാഗം, കുടിവെള്ള സൗകര്യം, ഇരിപ്പിടങ്ങൾ, ടോയ്‌ലറ്റ് സൗകര്യം തുടങ്ങിയ പരിഷ്ക്കാരങ്ങൾ മോഡൽ സെക്ഷനുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. |
| സി) | സംസ്ഥാനത്തൊട്ടാകെ എത്ര സെക്ഷനുകളിലാണ് ഈ പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്; | സി) | B.o(FM)No.1543/2009 (CP/R&P/Plg.I/Model Section/2009-10) dated 15.06.2009 അനുസരിച്ച് 75 ഇലക്ട്രിക്കൽ സെക്ഷനുകളെ മോഡൽ സെക്ഷനുകളായി പൈലറ്റ് പ്രോജക്ട് എന്ന രീതിയിൽ നടപ്പിലാക്കാൻ തീരുമാനിച്ചു. B.o(FM)No.1187/2010 (CP/R&P/Plg.I/Model Section/2010-11) dated 11.05.2010 അനുസരിച്ച് 155 ഇലക്ട്രിക്കൽ സെക്ഷനുകളെ മോഡൽ സെക്ഷനുകളാക്കാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. |
| ഡി) | പ്രസ്തുത പരിഷ്ക്കാരങ്ങളിലൂടെ ഉപഭോക്താക്കൾക്ക് എന്തൊക്കെ കൂടുതൽ സേവനങ്ങളാണ് ലഭ്യമാക്കുന്നത് എന്ന് വ്യക്തമാക്കുമോ; | ഡി) | അനുബന്ധമായി ചേർക്കുന്നു. |
| ഇ) | സെക്ഷൻ ഓഫീസ്, മാതൃകാ സെക്ഷൻ ഓഫീസാക്കി മാറ്റുന്നതിന് ശരാശരി എന്തു തുക ചെലവുണ്ടാകും എന്ന് കണക്കാക്കിയിട്ടുണ്ടോ; | ഇ) | കണക്കാക്കിയിട്ടില്ല. |
| എഫ്) | ഈ വർഷം അത്തരത്തിൽ എത്ര സെക്ഷനുകളിൽ കൂടി ഈ പരിഷ്ക്കരണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു? | എഫ്) | സമയബന്ധിതമായി എല്ലാ ഇലക്ട്രിക്കൽ സെക്ഷനുകളേയും മോഡൽ സെക്ഷനുകളാക്കി മാറ്റുന്നതിനാണ് തീരുമാനം. |

സെക്ഷൻ ഓഫീസർ

8294 (D)

Annexure (VII)

മാതൃകാ സെക്ഷൻ ഓഫീസിലെ പ്രത്യേകതകൾ

മാതൃകാ സെക്ഷൻ ഓഫീസുകളിൽ ഇൻക്വയറി കൗണ്ടർ സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഇവിടെ ഒരു ഏക ജാലകം സംവിധാനത്തിലൂടെ പുതിയ സർവ്വീസ് കണക്ഷനുള്ള അപേക്ഷകളുൾപ്പെടെ ഉപഭോക്താക്കളുടെ എല്ലാതരം പരാതികളും മറ്റ് അപേക്ഷകളും സ്വീകരിക്കുന്നതാണ്.

ക്യാഷ് കൗണ്ടറുകൾ രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണി വരെ ഇടതടവില്ലാതെ പ്രവർത്തിക്കും.

ക്യാഷ് കൗണ്ടറുകളുടെ തിരക്കൊഴിവാക്കാൻ ടോക്കൺ സംവിധാനം ഏർപ്പെടുത്തും. പണമടയ്ക്കാൻ വരുന്ന ഉപഭോക്താക്കൾക്ക് ഇരിപ്പിടങ്ങൾ ഏർപ്പെടുത്തും.

ഉപഭോക്താക്കളോടുള്ള പെരുമാറ്റരീതികൾ മെച്ചപ്പെടുത്തുവാൻ വേണ്ടി മാതൃകാ സെക്ഷൻ ഓഫീസിലെ എല്ലാ ജീവനക്കാർക്കും ട്രെയിനിംഗ് കൊടുക്കുന്നതാണ്.

ഉപഭോക്താക്കൾക്ക് ആവശ്യമായ എല്ലാ വിവരങ്ങളും സെക്ഷൻ ഓഫീസിൽ ബോർഡുകളിൽ പ്രദർശിപ്പിക്കുന്നത് (ഉദ്യോഗസ്ഥരുടെ ടെലിഫോൺ നമ്പരുകൾ ഉൾപ്പെടെ).

മാതൃകാ സെക്ഷൻ ഓഫീസുകൾ അഴിമതിരഹിത ഓഫീസുകളായി പ്രവർത്തിക്കും. ഈ ഓഫീസുകളുടെ പ്രവർത്തനം സോഷ്യൽ ഓഡിറ്റിംഗിന് വിധേയമായിരിക്കും

പണമടച്ച് ഇരുപത്തിനാല് മണിക്കൂറിനകം പോസ്റ്റുകൾ ആവശ്യമില്ലാത്ത സർവ്വീസ് കണക്ഷനുകൾ കൊടുക്കും.

വൈദ്യുതി തടസ്സങ്ങളും, വൈദ്യുതിയുടെ വോൾട്ടേജും നിയമപരമായ പരിധിക്കുള്ളിൽ ആയിരിക്കും.

24 മണിക്കൂർ പ്രവർത്തിക്കുന്ന വാഹന സൗകര്യത്തോടു കൂടിയ പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തും.

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 12.07.2010- ലെ
നിയമസഭാ ചോദ്യം നമ്പർ : 295 മറുപടിക്ക്

## ചകിരി ക്ഷാമം പരിഹരിക്കുന്നതിന് ഡീഫൈബറിംഗ് മില്ലുകൾ തുടങ്ങണമെന്ന നിർദ്ദേശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. വാഹിദ്<br>ശ്രീ.എ.എ. ഷുക്കൂർ<br>ശ്രീ.പി.സി. വിഷ്ണുനാഥ്<br>ശ്രീ.വർക്കല കഹാർ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ കയർ വ്യവസായ രംഗത്തെ പ്രധാന പ്രതിസന്ധിയായ ചകിരിക്ഷാമം പരിഹരിക്കുന്നതിന് കയർഫെഡിന്റെ കീഴിൽ ഡീഫൈബറിംഗ് മില്ലുകൾ തുടങ്ങണമെന്ന നിർദ്ദേശം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; | (എ) കയർഫെഡിന്റെ 6 ഡീഫൈബറിംഗ് മില്ലുകൾ തുടങ്ങണമെന്ന നിർദ്ദേശം അനുസരിച്ച് 2 ഡീഫൈബറിംഗ് മില്ലുകൾ ഇതിനകം കമ്മീഷൻ ചെയ്തു വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിച്ചു. 2 ഡീഫൈബറിംഗ് മില്ലുകളിലെ ആധുനിക മെഷിനറി സ്ഥാപിക്കൽ ജോലികൾ പൂർത്തീകരിച്ച് ഒരു മാസത്തിനകം കമ്മീഷൻ ചെയ്യുന്നതാണ്. ബാക്കി 2 ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. അവ ഈ വർഷം തന്നെ കമ്മീഷൻ ചെയ്യുന്നതാണ്. |
| (ബി) ഇപ്പോൾ സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഇത്തരം മില്ലുകൾ പ്രവർത്തിക്കുന്നത്; പുതുതായി എവിടെയൊക്കെ ഈ വർഷം ആരംഭിക്കും; | (ബി) സംസ്ഥാനത്ത് കയർഫെഡിന്റെ കീഴിൽ തൃശ്ശൂർ ജില്ലയിൽ തുമ്പൂർ, കോഴിക്കോട് ജില്ലയിൽ മാമ്പറ്റ എന്നീ സ്ഥലങ്ങളിൽ മില്ലുകൾ പ്രവർത്തനം ആരംഭിച്ചു. കാസർകോട് ജില്ലയിൽ അനന്തപുരം കണ്ണൂർ ജില്ലയിൽ താവം എന്നീ സ്ഥലങ്ങളിലെ മില്ലുകൾ ഒരു മാസത്തിനകം കമ്മീഷൻ ചെയ്യുന്നതാണ്. കോട്ടയം, ചങ്ങനാശ്ശേരി, ആലപ്പുഴ ജില്ലയിൽ പെരുമ്പളം എന്നീ സ്ഥലങ്ങളിലെ മില്ലുകൾ ഈ വർഷം കമ്മീഷൻ ചെയ്യുന്നതാണ്. |

| | |
|---|---|
| (സി) തമിഴ് നാട്ടിൽ നിന്നു ചകിരി കൊണ്ടുവരാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വിശദമാക്കുമോ; | (സി) തമിഴ് നാട്ടിലെ ചകിരി ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്നും നേരിട്ടും അവരുടെ പ്രതിനിധികളിൽ നിന്നും സഹകരണ സംഘങ്ങളിൽ നിന്നും പരമാവധി ചകിരി വാങ്ങി സംഭരിക്കുവാനും സംഘങ്ങൾക്ക് ന്യായവിലയ്ക്ക് നൽകുവാനും കയർഫെഡിനെ ചുമതലപ്പെടുത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) ചകിരി ക്ഷാമം പരിഹരിക്കുന്നതിന് മറ്റെന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്തുമോ? | (ഡി) 2006-07 വർഷം മുതൽ 2008-09 വരെ നടപ്പിലാക്കിയ ഉൾനാടൻ പ്രദേശങ്ങളിൽ ഡീഫൈബറിംഗ് മില്ല് സ്ഥാപിക്കൽ പദ്ധതി പ്രകാരവും കയർ കമ്മീഷൻ ശുപാർശ പ്രകാരം 2009-10 വർഷം മുതൽ നടപ്പിലാക്കുന്ന പുതിയ ഡീഫൈബറിംഗ് മില്ല് സ്ഥാപിക്കൽ പദ്ധതി പ്രകാരവും ചകിരി ക്ഷാമം പരിഹരിക്കുന്നതിലേയ്ക്കായി നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>**<u>പ്രധാനമായി സ്വീകരിച്ച നടപടികൾ</u>**<br><br>സഹകരണ മേഖല കുടുംബശ്രീ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവ മുഖാന്തിരം ആരംഭിക്കുന്ന മില്ലുകൾക്ക് ആകെ മുതൽ മുടക്കിന്റെ 75% പരമാവധി 25 ലക്ഷം രൂപ മുൻകൂർ ഗ്രാന്റായി അനുവദിച്ചു വരുന്നു. ഈ പദ്ധതി പ്രകാരം 2009-10 വർഷം 9 യൂണിറ്റുകൾ, പുതുതായി ആരംഭിക്കാൻ 181.92 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ബേപ്പൂരിൽ പുതിയ ഡീഫൈബറിംഗ് മില്ല് ആരംഭിക്കുന്നതിന് 121.55 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സ്വകാര്യ സംരഭങ്ങൾ ആരംഭിക്കുന്ന ഡീഫൈബറിംഗ് മില്ലുകൾക്ക് മൂലധന നിക്ഷേപത്തിന്റെ 50 % പരമാവധി 10 ലക്ഷം രൂപ നൽകുന്നു. 2009-10 ൽ ഈയിനത്തിൽ 93.23 ലക്ഷം രൂപ 14 യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള ഡീഫൈബറിംഗ് മില്ലുകൾ പുനരുദ്ധരിക്കാൻ പരമാവധി 15 ലക്ഷം രൂപ സഹകരണ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരംഭിച്ച മില്ലുകൾക്കും 10 ലക്ഷം രൂപ സ്വകാര്യ സംരംഭകർക്കും നൽകി വരുന്നു. NCRMI വികസിപ്പിച്ചെടുത്ത മിനി ഡീഫൈബറിംഗ് മെഷീനുകൾ സംഘങ്ങൾക്കും സ്വയം സഹായ ഗ്രൂപ്പുകൾക്കും സ്വകാര്യ സംരഭകർക്കും നൽകുന്നതിലേയ്ക്കായി 2009-10, 2010-11 വർഷങ്ങളിൽ 357 ലക്ഷം രൂപ NCRMI യ്ക്ക് |

| | |
|---|---|
| | അനുവദിച്ചു. ഈ തുക ഉപയോഗിച്ച് 265 മെഷീനുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 31.12.2010 നകം 1000 ഡീഫൈബറിംഗ് മെഷീനുകൾ വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്.<br><br>മാത്രമല്ല സംസ്ഥാനത്തുല്പ്പാദിപ്പിക്കുന്ന തൊണ്ട് പരമാവധി സംഭരിക്കുന്നതിലേയ്ക്കായി തൊണ്ട് സംഭരണ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 30 കൺസോർഷ്യങ്ങൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ശേഖരിക്കുന്ന തൊണ്ടിന് 10 പൈസ വീതം ഇൻസെന്റീവും, തൊണ്ടിന്റെയും ചകിരിയുടെയും കടത്തുകൂലിയിൽ 50% വരെ സബ്സിഡി നൽകുന്നതിനും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>(ഒപ്പ്)<br>സെക്ഷൻ ഓഫീസർ |

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 296. | 12.07.2010-ൽ മറുപടിക്ക്

### മിനിമം വേതന സമിതിയുടെ ഘടന

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ.എം. യൂസഫ്**<br>**ശ്രീ. കെ.കെ.ദിവാകരൻ**<br>**ശ്രീ. കെ.കെ.ജയചന്ദ്രൻ**<br>**ശ്രീ.കെ.സി.രാജഗോപാലൻ** | **ശ്രീ. പി. കെ. ഗുരുദാസൻ**<br>**(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)** |
| (എ) പുനഃസംഘടിപ്പിച്ച മിനിമം വേതന സമിതിയുടെ ഘടന വ്യക്തമാക്കുമോ; | (എ) 22.05.2010 ജി.ഒ(പി) 61/10/തൊഴിൽ (എസ്. ആർ. ഒ നം: 499/10) നമ്പർ ഉത്തരവ് പ്രകാരം പുനഃസംഘടിപ്പിച്ച സംസ്ഥാന മിനിമം വേതന ഉപദേശക സമിതിയിൽ തൊഴിലാളി, തൊഴിലുടമ പ്രതിനിധികളായി 15 പേർ വീതവും സ്വതന്ത്ര അംഗങ്ങളായ 4 പേരും ഉൾപ്പെടെ ആകെ 34 പേരാണുള്ളത്. സ്വതന്ത്ര അംഗമായ ശ്രീ. ഇ.വി. ഗംഗാധരനാണ് (റിട്ടയേർഡ് അഡീഷണൽ ലേബർ കമ്മീഷണർ) സമിതിയുടെ ചെയർമാൻ. |
| (ബി) ഏതെല്ലാം മേഖലകളിലെ തൊഴിലാളികളുടെ മിനിമം വേതനം സർക്കാർ പുതുക്കി നിശ്ചയിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം താഴെ പറയുന്ന 28 മേഖലകളിൽ മിനിമം വേതനം പുതുക്കി/പുതിയതായിനിശ്ചയിച്ചിട്ടുണ്ട്. |

| നം. | മേഖല |
|---|---|
| 1. | കശുവണ്ടി |
| 2. | ഓയിൽ പാം |
| 3. | ലൈറ്റ് മോട്ടോർ വെഹിക്കിൾ |
| 4. | ആയുർവേദിക് ആന്റ് അലോപ്പതിക് മരുന്ന് നിർമ്മാണം |
| 5. | ടിംബർ ആന്റ് പ്ലൈവുഡ് |
| 6. | ഓയിൽ മിൽ |

7. മലഞ്ചരക്ക് വ്യവസായം
8. ടൈൽസ്
9. എൽ.പി.ജി ഏജൻസീസ്
10. ആന പരിപാലനം
11. പ്ലാന്റേഷൻ
12. കടകളും മറ്റു വാണിജ്യ സ്ഥാപനങ്ങളും
13. കാർഷിക പ്രവർത്തികൾ
14. റബ്ബർ ക്രേപ്പ് മിൽസ്
15. റൈസ് മിൽ,ഫ്ളോർ മിൽ,ദാൽ മിൽ
16. ഹോട്ടലും (പീസ്റേറ്റും ഡെയ്‌ലി റേറ്റും)
17. ഹോസ്റ്റലുകൾ
18. സ്വകാര്യ ആശുപത്രികളും അനുബന്ധ സ്ഥാപനങ്ങളും
19. മൈനർ എഞ്ചിനീയറിംഗ്
20. ബ്ലോക്ക് റബ്ബർ ഫാക്ടറീസ്
21 കുട നിർമ്മാണം
22. കള്ളുചെത്ത്.
23. മത്സ്യ സംസ്കരണം
24. ഫാർമസ്യൂട്ടിക്കൽ മേഖലയിലെ സെയിൽസ് പ്രൊമോഷൻ ജീവനക്കാർ (പുതിയത്)
25. സ്വീപ്പിംഗ് ആന്റ് ക്ലീനിംഗ് (പുതിയത്)
26. ഗാർഹിക തൊഴിൽ , മേഖല (പുതിയത്)
27. സ്വർണ്ണം, വെള്ളി ആഭരണ തൊഴിലാളികൾ (പുതിയത്)
28. ബാങ്ക് (പുതിയത്)

(സി) ഏതെല്ലാം മേഖലകളിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കിനിശ്ചയിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ നടന്നു വരുന്നത്;

(സി) പ്രിന്റിംഗ് പ്രസ്സുകളിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. കയർ, കശുവണ്ടി മേഖലകളിൽ മിനിമം വേതനം പുതുക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റികളുടെ പ്രവർത്തനം പുരോഗമിച്ചു വരുന്നു. കൂടാതെ താഴെ പറയുന്ന 13 തൊഴിൽ മേഖലകളിലെ മിനിമം വേതനം പുതുക്കുന്നത് സംബന്ധിച്ച് പ്രാഥമിക വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1. സിനിമാ തീയേറ്റർ
2. റബ്ബർ ഉല്പന്നങ്ങൾ
3. കൊപ്രാ നിർമ്മാണം
4. മെഡിക്കൽ ഷോപ്പിലെ ജീവനക്കാർ
5. റോഡ്-കെട്ടിടനിർമ്മാണം,പാറ ഉടയ്ക്കൽ, പാറ പൊട്ടിക്കൽ
6. ഐസ് ഫാക്ടറികൾ
7. ഫർണിച്ചർ നിർമ്മാണം
8. സെക്യൂരിറ്റി സർവ്വീസ്
9. ബീഡി ആന്റ് സിഗാർ വ്യവസായം
10. ഹാന്റ്ലൂം (മാസവേതനക്കാർ)
11 ഹോസിയറി മാനുഫാക്ച്വറിംഗ്
12. ചെറുകിടതുറമുഖങ്ങളിലെ ജോലി
13. വനമേഖലയിലെ ജോലി

ഇതിനു പുറമേ കാലാവധി കഴിഞ്ഞ മറ്റെല്ലാ തൊഴിൽ മേഖലകളിലും മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിലേയ്ക്കായിട്ടുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) പുതുതായി ഏതെങ്കിലും മേഖലയെക്കൂടി മിനിമം വേതന പട്ടികയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു ണ്ടോ;

(ഡി) ' എംപ്ലോയ്മെന്റ് ഇൻ ബ്രൂവറീസ് ' എന്ന മേഖല മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്താൻ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. മറ്റു പുതിയ മേഖലകൾ പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച പരിശോധനകളും നടന്നു വരുന്നു.

(ഇ) മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് ഏതെല്ലാം ഘടകങ്ങളാണ് പരിഗണിക്കുന്നതെന്ന് വ്യക്ത മാക്കുമോ?

(ഇ) മിനിമം വേതനം പുതുക്കി/ നിശ്ചയിച്ച് 5 വർഷം കഴിഞ്ഞ തൊഴിൽ മേഖലകളിലാണ് സാധാരണ ഗതിയിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നത്. മിനിമം കൂലി പുതുക്കുന്ന സാഹചര്യത്തിൽ വ്യത്യസ്ത തൊഴിൽ മേഖലകൾ. ഒരേ തൊഴിലിലെ വ്യത്യസ്ത വിഭാഗം തൊഴിലുകൾ, പ്രായപൂർത്തിയായവർ/

കൗമാരപ്രായക്കാർ/ അപ്രന്റീസുകൾ തുടങ്ങിയവർ, വിവിധ പ്രദേശങ്ങൾ എന്നിവ പരിഗണിക്കുന്നുണ്ട്. കൂടാതെ മണിക്കൂർ, ദിവസം, മാസം തുടങ്ങിയ വേതന കാലാവധിയും പരിഗണിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 297.** — **12.7.2010- ൽ മറുപടിയ്ക്ക്**

## കൃഷിഭവനുകളുടെ പ്രവർത്തനം.

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.ടി.അഹമ്മദ് അലി.**<br>**ശ്രീ.പി.കെ.അബ്ദുറബ്ബ്**<br>**ശ്രീ.വി.കെ.ഇബ്രാഹിംകുഞ്ഞ്** | **ശ്രീ.മുല്ലക്കര രത്നാകരൻ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് നിലവിലുള്ള കൃഷിഭവനുകളുടെ പ്രവർത്തനഫലമായി കാർഷിക രംഗത്തുണ്ടായിട്ടുള്ള നേട്ടങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ വിശദീകരിക്കാമോ ; | (എ) ഉണ്ട്. ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ്ഡയറക്ടർമാരും, ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും, സംസ്ഥാന തലത്തിൽ കൃഷി ഡയറക്ടറും, കൃഷി സെക്രട്ടറിയും, കാർഷികോല്പാദന കമ്മീഷണറും കൃഷിഭവനുകളുടെ പദ്ധതി നിർവ്വഹണത്തെക്കുറിച്ച് എല്ലാമാസവും വിലയിരുത്താറുണ്ട്. കൂടാതെ സാമ്പത്തിക സ്ഥിതിവിവരണ വകുപ്പും, സംസ്ഥാന ആസൂത്രണ ബോർഡും വകുപ്പിന്റെ നേട്ടങ്ങൾ നിരന്തരം വിലയിരുത്താറുണ്ട്. |
| (ബി) ഓരോ കൃഷിഭവന്റെയും പരിധിയിലെ കൃഷി യോഗ്യമായതും അല്ലാത്തതുമായ ഭൂമി സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) ഓരോ കൃഷിഭവന്റെയും കീഴിലുള്ള കൃഷി ഭൂമി, പ്രധാന വിളകൾ , തരിശുഭൂമി എന്നിവ സംബന്ധിച്ച ഡാറ്റ ശേഖരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) ശേഖരിച്ചിട്ടുണ്ട്. |
| (ഡി) കൃഷി ഭവനുകളുടെ ആഭിമുഖ്യത്തിൽ, കർഷകർക്കുള്ള സഹായങ്ങൾ കൃഷിയിടങ്ങളിൽ എത്തിച്ചുകൊടുത്ത് കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കുമോ? | (ഡി) കർഷകർക്കുള്ള സഹായങ്ങൾ കൃഷിയിടങ്ങളിൽ എത്തിച്ചു കൊടുക്കുന്നതിന് കൃഷി വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പരിപാടിയാണ് "അഗ്രോ ക്ലിനിക്". വാർഡ് തോറും രൂപീകരിച്ചിട്ടുള്ള അഗ്രോക്ലിനിക്കിൽ കർഷകർ നിശ്ചിത ദിവസങ്ങളിൽ ഒത്തുകൂടുകയും |

ഉദ്യോഗസ്ഥരുമായി ആശയ വിനിമയം നടത്തുകയും, നൂതനകാർഷിക വിജ്ഞാനം നേടുകയും പരിശീലനങ്ങളിൽ പങ്കെടുക്കുകയും ചെയ്തുവരുന്നു. ഈ അവസരത്തിൽ കർഷകർക്ക് ലഭ്യമാക്കുവാനുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനും സംവിധാനം ഒരുക്കിയിട്ടുണ്ട്. "ആത്മ" പദ്ധതിയിൽപ്പെടുത്തി നൂതന വിളപരിപാലന മുറകളെക്കുറിച്ച് പരിശീലനവും, പ്രദർശന തോട്ട നിർമ്മാണവും ഫീൽഡ് സന്ദർശനങ്ങളും, കർഷകർക്കായി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയതിനാൽ പ്രധാന വിളകളുടെ ഉല്പാദന വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.298 | 12.7.2010- ൽ മറുപടിയ്ക്ക് .

നാളികേര പുനരുദ്ധാരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് എം.പുതുശ്ശേരി :<br>ശ്രീ.തോമസ് ഉണ്ണിയാടൻ :<br>ശ്രീ.റോഷി അഗസ്റ്റിൻ :<br>ശ്രീ.തോമസ് ചാഴികാടൻ : | ശ്രീ.മുല്ലക്കര രത്നാകരൻ<br>(ബഹു.കൃഷി വകുപ്പുമന്ത്രി) |
| എ) നാളികേര വികസന ബോർഡും ഗ്രാമപഞ്ചായത്തുകളും സംയുക്തമായി കൃഷിഭവൻ വഴി നടപ്പിലാക്കുന്ന നാളികേര പുനരുദ്ധാരണ പദ്ധതി വിജയകരമായി നടപ്പാക്കാൻ സാധിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ; | എ) നാളികേര പുനരുദ്ധാരണ പദ്ധതി വിജയകരമായി നടപ്പാക്കാൻ സാധിക്കുന്നുണ്ട്. |
| ബി) നാളികേര പുനരുദ്ധാരണ പദ്ധതി എപ്രകാരമാണ് വിഭാവനം ചെയ്തിരുന്നത് ; ആയതിലേക്ക് എത്ര തുക നീക്കിവച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ ; | ബി) നാളികേര തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനും കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം പുതിയ തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതിനുമായി ഒരു സമഗ്ര പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ 2009-10 മുതൽ 2012-13 വരെയുള്ള കാലയളവിൽ നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. നാളികേര വികസന ബോർഡും, കൃഷി വകുപ്പും സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.<br>പ്രസ്തുത പദ്ധതി പ്രകാരം കാറ്റുവീഴ്ച രോഗം രൂക്ഷമായി ബാധിച്ച, ഉല്പാദനക്ഷമത തീരെ കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റുന്നതിനും, തോട്ടത്തിലുള്ള ബാക്കി തെങ്ങുകളുടെ പുനരുദ്ധാരണത്തിനും, വെട്ടിമാറ്റുന്ന തെങ്ങുകൾക്കു പകരം ഉല്പാദനക്ഷമതയുള്ള ~~ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ~~ നല്ലയിനം തെങ്ങിൻ തൈകൾ |

വച്ചുപിടിപ്പിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. മൊത്തം 474.514 കോടി രൂപയാണ് പദ്ധതി ചെലവ്.

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന കർഷകർക്ക് ആകെ എത്ര തുകയുടെ ആനുകൂല്യമാണ് നൽകേണ്ടിയിരുന്നത് ;

(സി) നാളികേര പുനരുദ്ധാരണ പദ്ധതി പ്രകാരം ഒരു ഹെക്ടറിൽ രോഗം ബാധിച്ച് തെങ്ങുകൾ വെട്ടിമാറ്റുന്നതിന് 13000/- രൂപയും പുനരുദ്ധാരണത്തിനായി 15000/- രൂപയും (2 വർഷം കൊണ്ട്) അങ്ങനെ മൊത്തം 28,000/- രൂപ കർഷകർക്ക് ലഭിക്കുന്നതാണ്. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റിയതിനായി 3 ജില്ലയിലെ 9 ബ്ലോക്കുകളിൽ ഉള്ള കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നാളികേര വികസന ബോർഡ് 614.89 ലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) കർഷകർക്ക് ഇതുപ്രകാരം ആനുകൂല്യങ്ങൾ നൽകുന്നതിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ചകൾ വന്നിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) പൈലറ്റ് അടിസ്ഥാനത്തിൽ അനുവദിച്ച ഈ ബൃഹത് പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ സബ്സിഡി വിതരണത്തിലും മറ്റും കാലതാമസം നേരിട്ടിട്ടുണ്ട്. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റിയതിന് ശേഷമാണ് പുനരുദ്ധാരണത്തിനുള്ള ഉല്പാദനോപാധികൾ കർഷകർക്ക് ലഭ്യമാകുന്നത്, ആയതിന് ശേഷമാണ് പുനർനടീലിനുള്ള തെങ്ങിൻതൈകൾ ലഭ്യമാക്കുന്നത്. വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം തെങ്ങുവെട്ടി മാറ്റുന്നതിന് കാലതാമസം ഉണ്ടാക്കുന്നതിനാലാണ് മറ്റു ഘടകങ്ങൾ നടപ്പിലാക്കാൻ വൈകുന്നത്. എന്നിരുന്നാലും സമയബന്ധിതമായി പദ്ധതി നടപ്പിലാക്കാൻ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കേണ്ട മുഴുവൻ കർഷകർക്കും സമയബന്ധിതമായി ആയത് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ ;

(ഇ) സബ്സിഡി വിതരണത്തിലെ കാലതാമസം ഒഴിവാക്കാനും, മുഴുവൻ കർഷകർക്കും സബ്സിഡി ലഭ്യമാക്കാനുമുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 299</u> <u>12-07-2010-ൽ മറുപടിക്ക്</u>

<u>ആദിവാസികൾക്കായി ആവിഷ്ക്കരിച്ചിട്ടുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി</u>

<u>ചോദ്യം</u> <u>മറുപടി</u>

| | | |
|---|---|---|
| ശ്രീ. കെ.സി. കുഞ്ഞിരാമൻ<br>ശ്രീ. ബി. രാഘവൻ<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി<br>ശ്രീ.സി.എം. ദിനേശ്മണി | | ശ്രീ.എ. കെ. ബാലൻ<br>(പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി.) |
| എ) | ആദിവാസികൾക്ക് പൂർണ്ണ സൗജന്യ ചികിത്സ നൽകുന്നതിനായി ആവിഷ്ക്കരിച്ച സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | ഉണ്ട്. വകുപ്പുതലത്തിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ആശുപത്രി സൂപ്രണ്ടുമാരുടെ യോഗം കൂടി പ്രവർത്തനം വിലയിരുത്തിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് ഇതിന്റെ പ്രവർത്തനം അവലോകനം ചെയ്യുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ളിക് ഓഡിറ്റേഴ്സ് ഓഫ് ഇൻഡ്യ, കേരള ചാപ്റ്റർ എന്ന സ്ഥാപനത്തെ നിയോഗിച്ചും പദ്ധതിയുടെ പ്രവർത്തനവും തുകയുടെ വിനിയോഗവും ഓഡിറ്റ് നടത്തിയിട്ടുണ്ട്. |
| ബി | ഇതിനകം എത്ര ആദിവാസികൾ പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്തിയിട്ടുണ്ട് ; | 30-04-2010 വരെ 77,186 ആദിവാസി വിഭാഗത്തിൽപ്പെട്ട രോഗികൾ ഈ പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. |
| സി | ആശുപത്രികളിലെത്തുന്ന ആദിവാസികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; | എല്ലാ ആശുപത്രികളിലും ചികിത്സക്കെത്തുന്ന പട്ടികവിഭാഗത്തിൽപ്പെട്ട രോഗികൾക്ക് നൽകിയ ചികിത്സ സംബന്ധിച്ച് ഒരു ബനിഫിഷറി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ഇത് ജില്ലാ മെഡിക്കൽ ആഫീസർ, ജില്ലാ ആശുപത്രി/മെഡിക്കൽ കോളേജ് സൂപ്രണ്ടുമാർ മറ്റു ആരോഗ്യ സ്ഥാപനങ്ങളിലെ മേധാവികൾ തുടങ്ങിയവർ വിലയിരുത്തുന്നതിനുള്ള സംവിധാനവുമുണ്ട്. കൂടാതെ ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ അവലോകന യോഗവും ഉണ്ട്. |
| ഡി | പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | പ്രസ്തുത പദ്ധതിക്കായി ഇതുവരെ 7,30,54,314/- രൂപ വിവിധ ആശുപത്രികൾക്കായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 30-04-2010 വരെയുള്ള റിപ്പോർട്ട് പ്രകാരം 4,64,64,472/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഒട്ടാകെ 77,186 ആദിവാസികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 300 — 12.07.2010 -ൽ മറുപടിയ്ക്ക്

### ഇടുക്കി മാടക്കത്തറ 220 കെ.വി.ലൈനിന്റെ പ്രധാന ഭാഗം പവ്വർഗ്രിഡ് കോർപ്പറേഷന് കൈമാറിയതു മൂലം മലബാർ മേഖലയിൽ ഉണ്ടായ വൈദ്യുതി പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി:<br>ശ്രീ.ടി.എൻ.പ്രതാപൻ:<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ: | ശ്രീ.എ.കെ.ബാലൻ<br>(പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) ഇടുക്കി മാടക്കത്തറ 220 കെ.വി.ലൈനിന്റെ പ്രധാന ഭാഗം പവ്വർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡിന് കൈമാറുകയുണ്ടായോ; | (എ) ഇടുക്കി മാടക്കത്തറ 220 കെ.വി. ലൈനിന്റെ കീഴില്ലം മുതൽ മാടക്കത്തറ വരെയുള്ള ഭാഗമാണ് പവർഗ്രിഡിന് 10.02.2010 മുതൽ കൈമാറിയിട്ടുള്ളത്. കൂടംകുളം ആണവനിലയത്തിൽ നിന്നുള്ള വൈദ്യുതി പ്രസരണലൈൻ നിർമ്മിക്കുന്നതിന്റെ ഭാഗമായി തീരുമാനിക്കപ്പെട്ട തിരുനെൽവേലി-ഇടമൺ-കൊച്ചി-മാടക്കത്തറ 400 കെ.വി.ലൈൻ വലിക്കുന്നതിനു കെ.എസ്.ഇ.ബോർഡിന്റെ നിലവിലുള്ള ലൈനിന്റെ Right of Way നൽകുകയാണ് ചെയ്തിട്ടുള്ളത്. |
| (ബി) ഇതുമൂലം മലബാർ മേഖലയിൽ ഗുരുതരമായ വൈദ്യുതി പ്രതിസന്ധി നേരിടേണ്ടി വരുമോ; | (ബി) & (സി) കേരളത്തിന് അർഹതപ്പെട്ട വൈദ്യുതി വിഹിതം കേരളത്തിൽ എത്തിക്കുന്നതിന് ആവശ്യമായ 400 കെ.വി.ലൈൻ നിർമ്മിക്കാൻ 08.04.2003-ൽ അന്നത്തെ വൈദ്യുതി മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിലാണ് ഇങ്ങനെയൊരു തീരുമാനം എടുത്തത്. മലബാർ മേഖലയിൽ നിലവിൽ പ്രതിസന്ധി ഒന്നും ഇല്ല. ബസ്തിപുർ കടകോല 220 കെ.വി.ലൈൻ സതേൺ ഗ്രിഡിൽ വന്നതിനു ശേഷമാണ് മാടക്കത്തറ-കീഴില്ലം ഭാഗം പവർ ഗ്രിഡിന് കൈമാറിയത്. കർണ്ണാടകയിൽ ടവർ മറിഞ്ഞു വീണതു കൊണ്ടുണ്ടായ പ്രതിസന്ധി മൂലം 13.04.2010 മുതൽ 02.05.2010 വരെ കടകോല-കണിയാംപേട്ട 220 കെ.വി. ലൈനിലൂടെ കേരളം എടുക്കുന്ന വൈദ്യുതിക്ക് നിയന്ത്രണം ഏർപ്പെടുത്തുകയുണ്ടായി. |

ഇതുകാരണം മലബാർ മേഖലയിൽ വൈദ്യുതി നിയന്ത്രണം ഈ സമയത്ത് ഏർപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. ഇതും PGCIL -ന് KSEB യുടെ Right of Way വിട്ടു കൊടുത്തതുമായി ബന്ധമൊന്നുമില്ല.

(സി) പ്രസ്തുത ലൈൻ കൈമാറിയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം വൈദ്യുതി നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയത്;

(ഡി) ഇടുക്കി പവ്വർഹൗസിൽ നിന്നും ഉത്തര കേരളത്തിൽ വൈദ്യുതി എത്തിക്കുന്ന ലൈനിന്റെ മാടക്കത്തറ മുതൽ കീഴില്ലീവരെയുള്ള 68 കിലോമീറ്റർ ദൂരം ലൈൻ കൈമാറിയത് എന്തെല്ലാം സാങ്കേതിക പഠനം നടത്തിയ ശേഷമാണ്;

(ഡി) വനം സംരക്ഷണ നിയമമനുസരിച്ച് ലൈൻ വലിക്കാൻ അധികാരം കിട്ടാൻ ബുദ്ധിമുട്ടുള്ള ഇടുക്കി-തൃശ്ശൂർ ഭാഗത്തും കായത്താർ-ഇടമൺ ഭാഗത്തും കെ.എസ്.ഇ. ബോർഡിന്റെ 220 കെ.വി.ലൈനുകളുടെ ആവശ്യമായി വരുന്ന ഭാഗം പവർ ഗ്രിഡിന് 400 കെ.വി. ലൈൻ വലിക്കുന്നതിന് നൽകാൻ 08.04.2003 ൽ അന്നത്തെ വൈദ്യുതി മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കെ. എസ്.ഇ.ബോർഡ്, പവർ ഗ്രിഡ്, ന്യൂക്ലിയൽ പവർ കോർപ്പറേഷൻ, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി എന്നീ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ പങ്കെടുത്ത യോഗത്തിലാണ് തീരുമാനമായത്. പവർ സിസ്റ്റം പ്ലാനിംഗ് കമ്മിറ്റിയുടെ 18-ാമത്തെ മീറ്റിംഗിലാണ് ഇത് ചർച്ചയ്ക്ക് വന്നത്. തുടർന്ന് നടന്ന എസ്.ആർ.പി.സി ഫോറങ്ങളിലും ചർച്ച ചെയ്തു തീരുമാനമെടുക്കുകയാണ് ചെയ്തത്. ഒരു Transmission Scheme വരുന്നതിനു മുമ്പ് സി.ഇ.എയും അതിനോടനുബന്ധിച്ചുള്ള എസ്. ആർ.പി.സി ഫോറങ്ങളിലും സാങ്കേതിക പഠനവും ചർച്ചയും നടത്തിയിട്ടാണ് തീരുമാനങ്ങൾ എടുക്കുന്നത്.

(ഇ) പ്രസ്തുത ലൈൻ കൈമാറിയത് എത്ര രൂപ വിലയ്ക്കാണ്?

(ഇ) കേരളത്തിന്റെ വൈദ്യുതി വികസനത്തിനു വേണ്ടി ലൈൻ അപ്ഗ്രേഡ് ചെയ്യുന്നതിന് Right of Way നൽകുന്നതിന് കേന്ദ്ര പൊതുമേഖല സ്ഥാപനമായ PGCIL കേരളത്തിന് വില നൽകുന്ന പതിവില്ല. പ്രസ്തുത ലൈനിന്റെ

Right of Way കൈമാറുന്നതിന് വിലയൊന്നും നിശ്ചയിച്ചിട്ടില്ല. എന്നാൽ ഈ ലൈനിലെ വൈദ്യുതി ബോർഡിന്റെ ടവറുകളും മറ്റും അഴിച്ചുമാറ്റുന്നതിന്റെ ഭാഗമായി ലഭ്യമാകുന്ന സാധന സാമഗ്രികളുടെ വില കമ്പോള നിരക്കിൽ 623.084 ലക്ഷം രൂപ കേന്ദ്ര പൊതുമേഖലസ്ഥാപനമായ PGCIL KSEB യ്ക്ക് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ